**കേരള സർക്കാർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

[www.ksad.kerala.gov.in](http://www.ksad.kerala.gov.in)

# പിറവം നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


**സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം**

**e-mail:doekm.ksad@kerala.gov.in**


(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ.ഇകെഎം.നം.(എം.1)1955/2019

സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം,
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030,
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
**തീയതി : 13.02.2020**

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖാന്തിരം),
പിറവം നഗരസഭ.

.

സർ,

വിഷയം:-പിറവം നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **പിറവം** നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും, ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

**<u>പകർപ്പ്:</u>**

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) ഡയറക്ടർ, മുനിസിപ്പൽ ഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4) റീജിയണൽ ജോയിന്റ് ഡയറക്ടർ, മുനിസിപ്പൽ ഭരണ വകുപ്പ്, എറണാകുളം.
5) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.ഇകെ.എം.(എം.1)1955/2019

തീയതി:13.02.2020

## എറണാകുളം ജില്ലയിലെ പിറവം നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

**പിറവം** നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി 01.09.2018 മുതൽ 31.10.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് സമയത്ത് **49** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **42** എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | മിനിമോൾ കെ.ജി.<br>ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 15.11.2019മുതൽ 29.11.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.റസിയബീവി.ജെ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. അജിമോൻ.പി.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.ബബിത.ബി.കുമാർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.യോഗേഷ് ആർ. | ഓഡിറ്റർ |
| | | ശ്രീ.അനീഷ് ആർ. | ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| ചെയർമാൻ | : | ശ്രീ.സാബു.കെ.ജോസഫ് | 01.04.2018 മുതൽ 31.03.2019 വരെ |
| വൈസ് ചെയർമാൻ &ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ | : | ഒഴിവ് | 01.04.2018 മുതൽ 02.04.2018 വരെ |
| | : | ശ്രീമതി.അന്നമ്മ ഡോമി | 03.04.2018 |

| | | | |
|---|---|---|---|
| | | | മുതൽ 31.03.2019 വരെ |
| ചെയർമാൻ വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീ.മെബിൻ ബേബി | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ ആരോഗ്യകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീ.അരുൺ കല്ലറക്കൽ | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ വിദ്യാഭ്യാസം, കല,കായിക കാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി | : | ശ്രീ.ജീൽസ് പെരിയപ്പുറം | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ പൊതുമരാമത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റി. | : | ശ്രീമതി.സിജി സുകുമാരൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർപേഴ്സൺ ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ഒഴിവ് | 01.04.2018 മുതൽ 29.05.2018 വരെ |
| | : | ശ്രീമതി.ഐഷ മാധവൻ | 30.05.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | : | ശ്രീ.നവാസ്.എ. | 01.04.2018 മുതൽ 02.07.2018 വരെ |
| | | ശ്രീ.അനിൽകുമാർ.ബി. | 03.07.2018മുതൽ 08.03.2019 വരെ |
| | | ശ്രീമതി.രജനി.സി.എൻ (ഇൻ ചാർജ്ജ്) | 09.03.2019മുതൽ 19.03.2019 വരെ |
| | | ശ്രീ.സുഭാഷ്.പി.കെ. | 20.03.2019മുതൽ 31.03.2019 വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>: | | | |
| <u>ഉദ്യോഗപ്പേര്</u> | | | <u>കാലയളവ്</u> |
| മുനിസിപ്പൽ എഞ്ചിനീയർ | : | ശ്രീ.ടോമി ടി.പി. | 01.04.2018 മുതൽ 28.02.2019 വരെ |
| | | ശ്രീ.രാജു.എൽ (ഇൻ ചാർജ്ജ്) | 01.03.2019 മുതൽ 10.03.2019 വരെ |
| | | ശ്രീ.മൻസൂർ.എ.എസ്. | 11.03.2019 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | : | ശ്രീ.ബാബു ജോൺ | 01.04.2018 മുതൽ 31.03.2019 വരെ |
| സീനിയർ വെറ്ററിനറി സർജൻ, പിറവം | : | ഡോ.ഗോപകുമാർ.എ | 01.04.2018 മുതൽ 31.03.2019 വരെ |
| സി.എം.ഒ. ആയുർവ്വേദാശുപത്രി | : | ഡോ.സിന്ധു റാണി | 01.04.2018 മുതൽ 31.03.2019 വരെ |

| | | | |
|---|---|---|---|
| പ്രിൻസിപ്പൾ ഗവ.ഹയർ സെക്കന്ററി സ്കൂൾ നാമക്കുഴി | : | ശ്രീമതി.മായാ ശേഖർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സിഡി.എസ്. സൂപ്പർവൈസർ | : | ശ്രീമതി.അഞ്ചുകൃഷ്ണ. കെ. | 01.04.2018 മുതൽ 31.03.2019 വരെ |
| സൂപ്രണ്ട് താലൂക്ക് ആശുപത്രി, പിറവം | : | ഡോ.സുനിൽ.ജെ.ഇളന്താട്ട് | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ പിറവം | : | ശ്രീമതി.ജയലക്ഷ്മി. | 01.04.2018 മുതൽ 31.03.2019 വരെ |
| ഇന്റസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | : | ശ്രീ.അശ്വിൻ.പി.റ്റി | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ മുളക്കുളം | : | ഡോ.ക്ലയർ സിറിൾ | 01.04.2018 മുതൽ 31.03.2019 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്. | : | നിത.എ.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | : | ശ്രീമതി.സജിത.ഡി. | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ | : | ശ്രീ.സഹദേവൻ.ഇ.കെ. | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ദർശന തീയറ്റർ - വസ്തുനികുതി നിർണ്ണയത്തിലെ അപാകതത | 1-12 |
| 13 | ക്രമവത്കരണ ഫീസ് ഈടാക്കിയില്ല | 1-13 |
| 14 | ഡി&ഒ ലൈസൻസ് - അപാകതകൾ | 1-14 |

| | | |
|---|---|---|
| 15 | വീട്ടുവാടക റിക്കവറി ഈടാക്കിയില്ല | 1-15 |
| 16 | തൊഴിൽ നികുതി- പൊതു അപാകതകൾ | 1-16 |
| 17 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല | 1-17 |
| 18 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല | 1-18 |
| 19 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കി | 1-19 |
| 20 | വാടകയ്ക്ക് നൽകിയ മുറിയിൽ മാറ്റങ്ങൾ വരുത്തി – വാടകക്കാരനെതിരെ നടപടികൾ സ്വീകരിച്ചില്ല. | 1-20 |
| 21 | പത്രപരസ്യം-ഡിസ്കൗണ്ട് ആനുകൂല്യം ലഭ്യമാക്കിയില്ല | 1-21 |
| 22 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ നഗരസഭഅക്കൗണ്ടിലേക്ക് മുതൽകൂട്ടുന്നില്ല | 1-22 |
| 23 | ആദായനികുതി ഈടാക്കിയില്ല | 1-23 |
| 24 | മരാമത്ത് പ്രവൃത്തികൾ - ബില്ലിൽ കുറവ് ചെയ്ത തുകകൾ അടവാക്കിയില്ല. | 1-24 |
| 25 | ടാർ വീപ്പകളുടെ വില തനത് ഫണ്ടിൽ മുതൽകൂട്ടുന്നു. | 1-25 |
| 26 | നിർമ്മാണപ്രവർത്തനങ്ങൾക്ക് സംരക്ഷണഗ്രാന്റ് റോഡുവിഹിതം | 1-26 |
| 27 | മഴവഞ്ചേരി കനാൽ റോഡ് - പ്രോജക്ട് ഇല്ലാതെ തുക ചെലവഴിച്ചു. | 1-27 |
| 28 | സാന്ത്വന പരിചരണം- രോഗീ ബന്ധു സംഗമത്തിനായി അധിക തുക ചെലവഴിച്ചു | 1-28 |
| 29 | ബയോഗ്യാസ് പ്ലാന്റ് - ടാർജറ്റ് നേടിയില്ല- മറ്റ് അപാകതകൾ | 1-29 |
| 30 | പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് & ബെയിലിങ്ങ് യൂണിറ്റ് - പൂർണ്ണമായും പ്രവർത്തന സജ്ജമായില്ല- മറ്റ് അപാകതകൾ. | 1-30 |
| 31 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-31 |
| 32 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - ക്രമവിരുദ്ധമായി ക്ലാർക്കിനെ നിയമിച്ചു. | 1-32 |
| 33 | പി.എം.എ.വൈ. - ലൈഫ് - ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല. | 1-33 |
| 34 | പൈപ്പ് ലൈൻ നീട്ടൽ - പണി പൂർത്തീകരിച്ചിട്ടില്ല. | 1-34 |
| 35 | അങ്കണവാടികളുടെ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. | 1-35 |
| 36 | അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം -സാമ്പിൾ പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. | 1-36 |
| 37 | പെൻഷൻ ആനുകൂല്യം തെറ്റായി അക്കൗണ്ട് ചെയ്തത് ക്രമീകരിക്കേണ്ടതാണ് | 1-37 |
| 38 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല. | 1-38 |
| 39 | സെക്രട്ടറിയുടെ ശമ്പളവും പെൻഷൻ കോൺട്രിബ്യൂഷനും ഒടുക്കുന്നില്ല | 1-39 |
| 40 | താലൂക്ക് ആശുപത്രിയിൽ ട്രാൻസ് ഫോർമർ സ്ഥാപിക്കൽ- അപാകതകൾ | 1-40 |
| 41 | പിറവം മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ -അപാകത | 1-41 |
| 42 | സ്വാപ്പ് ഷോപ്പ് കീപ്പർ വേതനം-തുക തടസ്സപ്പെടുത്തുന്നു | 1-42 |

| | | |
|---|---|---|
| 43 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പൂർണ്ണമായി നൽകിയിട്ടില്ല. | 1-43 |
| 44 | ഇ-പെയ്മെന്റ് സംവിധാനം ആരംഭിച്ചില്ല | 1-44 |
| 45 | വഴിയോരക്കച്ചവട നിയമം- പൂർണ്ണമായും നടപ്പിലാക്കിയില്ല | 1-45 |
| 46 | സെക്രട്ടറിയുടെ പി സി എ – തനത് ഫണ്ടിൽ നിന്നും നൽകുന്നു | 1-46 |
| 47 | സെൻട്രൽ പെൻഷൻ ഫണ്ട് | 1-47 |
| 48 | വെള്ളക്കരം – ഭീമമായ കുടിശിക വരുത്തി | 1-48 |
| | ഭാഗം 2 | |
| 49 | വീട്ടുവാടക റിക്കവറി ഈടാക്കിയില്ല | 2-1 |
| 50 | ക്രമവത്കരണ ഫീസ് ഈടാക്കിയില്ല | 2-2 |
| 51 | ദർശന തീയറ്റർ - വസ്തുനികുതി നിർണ്ണയത്തിലെ അപാകതത | 2-3 |
| | ഭാഗം 3 | |
| 52 | പിറവം മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ -അപാകത | 3-1 |
| 53 | സാന്ത്വനപരിചരണം - ബന്ധുസംഗമം- അധികചെലവ് | 3-2 |
| | ഭാഗം 4 | |
| 54 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 55 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 56 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 57 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 58 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 59 | സ്ഥിര നിക്ഷേപം | 4-6 |
| 60 | ഓഡിറ്റ് റിക്കവറി | 4-7 |
| 61 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 62 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 63 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 64 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 65 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 66 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 67 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| 68 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26.3.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 25.6.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,88,29,969.00 |
| വരവ് | 12,45,16,849.00 |
| ആകെ | 16,33,46,818.00 |
| ചെലവ് | 11,85,37,207.00 |
| നീക്കിയിരിപ്പ് | 4,48,09,611.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 15175707 | 15175707 | 14846189 | 329518 (lapsed) |
| വികസന ഫണ്ട്-എസ്.സി.പി | 0 | 7690000 | 7690000 | 3321150 | 4368850 (lapsed) |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 252000 | 252000 | 126000 | 126000 (lapsed) |
| മെയിന്റനൻസ്, റോഡ് | 0 | 11877000 | 11877000 | 11415641 | 461359 (lapsed) |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3501000 | 3501000 | 2425630 | 1075370 (lapsed) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 8540421 | 8540421 | 3341530 | 5198891 (lapsed) |
| ദുരിതാശ്വാസനിധി | 4654 | 2000 | 6654 | 1000 | 5654 |
| ശുചിത്വമിഷൻ | 360790 | 963670 | 1324460 | 921404 | 403056 |
| ആർ.എം.എസ്.എ | 20811 | 0 | 20811 | 0 | 20811 |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 2707980 | 7569672 | 10277652 | 7839823 | 2437829 |
| ബി ഫണ്ട് | 0 | 92520 | 92520 | 92520 | 0 |
| ഐ.സി.ഡിഎസ്. | 2287197 | 663950 | 2951147 | 890773 | 2060374 |
| ബി.എസ്.യു.പി. | | | | | |
| എ.എസ്.എം.എ- ഫണ്ട് ട്രെയിനിങ്ങ് സെന്റർ | 1450000 | 0 | 1450000 | 944650 | 505350 |
| എൻ.യു.എൽ.എം. | 12494372 | 2115981 | 14610353 | 1732682 | 12877671 |
| സി.എസ്.ആർ.-ബിപിസിഎൽ. നാമക്കുഴി സ്കൂൾ | 0 | 1500000 | 1500000 | 0 | 1500000 |
| പിറവം വെറ്ററിനറി ഹോസ്പിറ്റൽ - ബലപ്പെടുത്തൽ | 3638 | 0 | 3638 | 0 | 3638 |
| എൻ.ആർ.എച്ച്.എം. | 31162 | 0 | 31162 | 0 | 31162 |
| സ്മാർട്ട് ക്ലാസ് റൂം.ജി.എൽ.പി.എസ്.പിറവം | 124000 | 0 | 124000 | 0 | 124000 |
| ജില്ലാ പഞ്ചായത്ത് ഫണ്ട് | 230536 | 0 | 230536 | 0 | 230536 |
| പി.എം.എ.വൈ. | 5641370 | 32186766 | 37828136 | 29972824 | 7855312 |

| | | | | | | |
|---|---|---|---|---|---|---|
| ഗുണഭോക്തൃവിഹിതം - പി.എം.എ.വൈ | | 0 | 105000 | 105000 | 105000 | 0 |
| ഗുണഭോക്തൃവിഹിതം - മറ്റുള്ളവ | | 789451 | 33000 | 822451 | 387500 | 434951 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 6335733 | 32422869 | 38758602 | 29217183 | 10033919 |
| | ട്രഷറി അക്കൗണ്ട് | 38829969 | 11385281 | 17733556 | 11448208 | 44809611 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 123 | 56355827 | 51 | 35901433 | 64 | 8 | 41.46 |

**<u>ഗ്രാന്റ് ഇൻ എയ്ഡ് - തുക പൂർണ്ണമായും വിനിയോഗിച്ചില്ല.</u>**

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് ലഭ്യമായ ഗ്രാന്റ് ഇൻ എയ്ഡ് പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ഗ്രാന്റ് ഇൻ എയ്ഡ് | അലോട്ട്മെന്റ് തുക | വിനിയോഗിച്ച തുക | ലാപ്സായ തുക | ചെലവിന്റെ ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 15175707 | 14846189 | 329518 | 97.83 |
| വികസനഫണ്ട് -എസ്.സി.പി | 7690000 | 3321150 | 4368850 | 43.19 |
| വികസനഫണ്ട് -ടി.എസ്.പി | 252000 | 126000 | 126000 | 50 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8540421 | 3341530 | 5198891 | 39.13 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 11877000 | 11415641 | 461359 | 96.12 |
| സംരക്ഷണ ഗ്രാന്റ്(റോഡിതരം) | 3501000 | 2425630 | 1075370 | 69.28 |
| ആകെ | 47036128 | 35476140 | 11559988 | 75.42 |

**<u>പ്രോജക്റ്റ് മോണിട്ടറിങ്ങ് കാര്യക്ഷമമല്ല.</u>**

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്റ്റുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്ത തരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങ് . മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ നഗരസഭ നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ഒരു സ്റ്റേറ്റ്മെന്റിൽ മോണിട്ടറിങ്ങ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തുന്നില്ല.

**<u>തനത് ഫണ്ട് ചെലവ് സുലേഖ കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല.</u>**

വാഷികപദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത പ്രോജക്ടുകളിൽ തനത്ഫണ്ട് വിഹിതത്തിൽ നിന്നുള്ള ചെലവുകൾ പദ്ധതി പ്രവർത്തനങ്ങൾക്കായുള്ള സുലേഖ (സോഫ്റ്റ് വെയർ) കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല. ഏതെല്ലാം പ്രോജക്ടുകളിൽ എത്ര വീതം തനത് ഫണ്ട് വിനിയോഗിച്ചു എന്ന് മനസിലാക്കാൻ പറ്റാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഗുണഭോക്തൃവിഹിതമായി പിരിച്ചെടുത്ത് തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകകളുടെ ചെലവും സുലേഖ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

**<u>നൂതന പ്രോജക്ട്- കാവലാൾ</u>**

സ.ഉ.(എം.എസ്) നം. 80/17 തസ്വഭവ .തീ.3.4.2017 30.2 ക്രമ നം. 3 പ്രകാരം ജാഗ്രതാ സമിതി പ്രവർത്തനത്തിനും ജന്റർ റിസോഴ്സ് സെന്റർ പ്രവർത്തനത്തിനും കൂടി കരാർ അടിസ്ഥാനത്തിൽ യോഗ്യതയുള്ള ഒരു വനിതയെ നിയോഗിക്കാവുന്നതാണ്. ഇതിന്റെ ചെലവ് ഈ പ്രോജക്ടിലൂടെ നടത്താവുന്നതുമാണ്. ഇതു പ്രകാരം പ്രോജക്ട് നം. എസ്.0133/19 ആയി കാവലാൾ എന്ന പേരിൽ ഒരു പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി നിശ്ചിത യോഗ്യതയുള്ള ഒരു വനിതാ കൗൺസിലറെ നിയോഗിക്കുകയും അവർ സ്ത്രീകളുടെയും പെൺകുട്ടികളുടെയും സുരക്ഷയ്ക്കും പരാതി പരിഹാരത്തിനും അതുപോലെ തന്നെ അവബോധ ക്ളാസുകൾ എടുക്കുകയും കൗൺസിലിങ്ങ് നടത്തുകയും ചെയ്തിട്ടുണ്ട്. വളരെ നല്ല രീതിയിൽ നടപ്പിലാക്കിയ ഒരു നൂതന പ്രോജക്ടാണിത്.

# 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ആകെ | 2707980 | 7569672 | 10277652 | 7839823 | 2437829 |
| ഭരണചെലവുകൾ | | | | 404383 | |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | | | 7435440 | |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭയിൽ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 92520 | 50 |
| കർഷകതൊഴിലാളി പെൻഷൻ | 2025200 | 160 |
| വിധവാപെൻഷൻ | 13260800 | 1101 |
| വാർദ്ധക്യകാലപെൻഷൻ | 32855200 | 2834 |
| വികലാംഗപെൻഷൻ | 3276100 | 264 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 929400 | 78 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

16.11.2019, ഉച്ചകഴിഞ്ഞ് 3.15മണിക്ക് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 5483/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

**'സകർമ്മ'സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നില്ല.**

ഭരണഘടനാപരമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലകളും ഉത്തരവാദിത്തങ്ങളും അധികാരങ്ങളും കാര്യക്ഷമമായും സത്യസന്ധമായും സുതാര്യമായും ജനകീയ നിയന്ത്രണത്തിന് വിധേയമായും വിനിയോഗിച്ച് കൊണ്ട് അധികാര വികേന്ദ്രീകരണത്തിന്റെയും തദ്ദേശ ഭരണ സ്ഥാപനത്തിന്റെയും ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് ജനപ്രതിനിധികളെയും ജീവനക്കാരെയും സഹായിക്കുന്നതിന് വേണ്ടി തയ്യാറാക്കിയിട്ടുള്ള ഒരു സോഫ്റ്റ് വെയർ ആണ് "സകർമ്മ". തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ യോഗങ്ങളുടെ അജണ്ട തയ്യാറാക്കുന്നതിനും യോഗ നോട്ടീസ് നൽകുന്നതിനും മിനുട്ട്സ് തയ്യാറാക്കുന്നതിനും വേണ്ടിയാണ് ഇത് ഉപയോഗിക്കുന്നത്. പിറവം നഗരസഭയിൽ നാളിതുവരെ ഈ സോഫ്റ്റ് വെയർ ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. യോഗനടപടികളുടെ ഡോക്കുമെന്റേഷൻ ആയാസരഹിതവും സുതാര്യവുമാക്കുന്ന ഈ സോഫ്റ്റ് വെയർ എത്രയും വേഗം ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

**ഉത്തരത്തിൽ കുറവ് ചെയ്യുന്ന തുകകൾ അടവാക്കുന്നില്ല.**

തനത് ഫണ്ട് വിനിയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും നിയമപ്രകാരം കുറവ് ചെയ്ത ആദായ നികുതി, നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം, ചരക്ക് സേവന നികുതി എന്നിവ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് അടവാക്കുന്നില്ല. ഇവ യഥാസമയം അടവാക്കിയില്ലെങ്കിൽ നഗരസഭ ഭീമമായ പിഴ സഹിതം തുകകൾ അടവാക്കേണ്ടി വരുന്ന സാഹചര്യമാണുള്ളത്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്. (വിശദ വിവരത്തിന് ഖണ്ഡിക 1-25 കാണുക)

**സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ വിവരങ്ങൾ ചേർക്കുന്നില്ല**

നഗരസഭയിലെ സ്ട്രീറ്റ് ലൈറ്റുകൾ സംബന്ധിച്ച വാർഡ് തിരിച്ചുള്ള എണ്ണം ,തരം എന്നിവ രജിസ്റ്ററിൽ എഴുതുന്നില്ല.സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റപണികൾ, മാറ്റി സ്ഥാപിക്കൽ എന്നിവ സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്തുന്നില്ല. ഇതിനാൽ നഗരസഭയിൽ എത്ര സ്ട്രീറ്റ് ലൈറ്റുകളുണ്ടെന്നോ ഏതെല്ലാം പ്രവർത്തനരഹിതമാണെന്നോ എന്നതിനെപ്പറ്റി വ്യക്തതയില്ല. ഓരോ മാസവും സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുതി ചാർജിനത്തിൽ തുക ചെലവഴിച്ചതിന്റെ വിവരങ്ങളാണ് സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ എഴുതുന്നത്. ജനങ്ങൾക്ക് സ്ട്രീറ്റ് ലൈറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിനും നിലവിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01.11.2015 ന് ശേഷം ഓഡിറ്റ് നടന്നിട്ടില്ല. അതിന്റെ വിവരങ്ങളും ലഭ്യമല്ല | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.4.2018- 7.5.2018 | 16-17 മുതൽ 17-18 വരെ | 18.6.2018 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-12 ദർശന തീയറ്റർ - വസ്തുനികുതി നിർണ്ണയത്തിലെ അപാകതത

ബിനോയ് തോമസ്, മത്തിപ്പറമ്പിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 752/14 സർവെ നമ്പർ സ്ഥലത്ത് നിർമ്മാണം പൂർത്തിയാക്കിയ 1782.67 ച.മീ. വിസ്തൃതിയുള്ള ദർശന തീയറ്റർ എന്ന സിനിമാ തീയറ്റർ കെട്ടിടത്തിന് VIII/208 നമ്പർ നൽകിയപ്പോൾ 25 മുതൽ 50 വർഷം വരെ കാലപ്പഴക്കമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ നൽകുന്ന 20% ഇളവ് അനുവദിച്ചു. ഇപ്രകാരം നികുതി ഇളവ് അനുവദിച്ചത് മൂലം വസ്തുനികുതി ഇനത്തിൽ 4276/- രൂപയുടെ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 2-3ൽ ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-13 ക്രമവത്കരണ ഫീസ് ഈടാക്കിയില്ല

ബിനോയ് തോമസ്, മത്തിപ്പറമ്പിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 752/14 സർവെ നമ്പർ സ്ഥലത്ത് അനധികൃതമായി നിർമ്മാണം പൂർത്തിയാക്കിയ സിനിമാ തീയറ്റർ കെട്ടിടം ക്രമവത്കരിച്ചതിന് ചട്ടപ്രകാരമുള്ള രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടില്ല. ക്രമവത്കരണ ഫീസിനത്തിൽ കുറവ് വന്ന 35653/- രൂപ ബന്ധപ്പെട്ട കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ഖണ്ഡിക 2-2ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-14 ഡി&ഒ ലൈസൻസ് - അപാകതകൾ

**<u>1.സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു.</u>**

2018-19 വർഷത്തെ ഡി&ഒ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ധാരാളം സ്ഥാപനങ്ങൾ തൻ വർഷം ലൈസൻസ് എടുക്കാത്തതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടനം. | സ്ഥാപനത്തിന്റെ വിവരം |
|---|---|---|
| 1 | III/297 | ജെബ സിംഗ്, 3-214 പുല്ലവിള,കന്യാകുമാരി<br>ജോനാ ഇൻഡസ്ട്രീസ് |
| 2 | IV/231 | നടരാജൻ.പി.സി,പാറക്കണ്ടത്തിൽ<br>അരുൺ മോട്ടോർ വർക്സ് |
| 3 | IV/279 | ആൻസി രാജു, പാണലിക്കൽ<br>പാണലിക്കൽ ഷൂ പാർക്ക് |
| 4 | V/580 | ജിജു.കെ.എഫ്, കീരിയത്ത്<br>അക്വാ ടെക്നോളജി |
| 5 | V/588/O | സുമി. എസ്,കൊല്ലം പറമ്പിൽ<br>സെയിൽ ഓഫ് ഗാർമെന്റ്സ് |
| 6 | V/1317 | ജെയിംസ്.എം.എ,മണക്കാട്ട്<br>മണക്കാട്ട് ഗ്രൂപ്പ് ഓഫ് റിയൽ എസ്റ്റേറ്റ്സ് |
| 7 | V/1353 | ജോയ് സ്കറിയ, കാപ്രയിൽ<br>സെന്റ് ജോസഫ് കോക്കനട്ട് ട്രേഡേഴ്സ് |
| 8 | VII/117 | സാജു.സി.ജെ, ചേന്നാട്ട് |

| | | |
|---|---|---|
| | | സാബാൻ ഫാസ്റ്റ് ഫുഡ് |
| 9 | VII/617-620 | മുഹമ്മദ്കുഞ്ഞ്,വള്ളിക്കോട്ട്ശ്ശേരിൽ<br>ബഡാ ബസാർ |
| 10 | VIII/230B | വർഗ്ഗീസ്.പി.എം<br>കൂൾകിംഗ് എഞ്ചിനിയറിംഗ് |
| 11 | VIII/397 | ജെയ്സൺ.സി.ജെ, മടത്തുംപാടി<br>ഹൽമെൻ എന്റെർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡ് |
| 12 | X/433A | അനീഷ് ജോയ്,നാമക്കുഴിയിൽ<br>ആർക്ക് അപ്പാരൽസ് |
| 13 | XIV/335 | ശ്രീദേവി കൃഷ്ണകുമാർ, മുളിയപ്പള്ളിൽ<br>ശ്രീഹരി ടെക്സ്റ്റയിൽസ് |
| 14 | XVI/458A | സജ്നോ ജോയ്, നാരക്കാട്ട്<br>ഏദൻസ് റസ്റ്റോറന്റ്സ് |

മേൽ സ്ഥാപനങ്ങൾ 18-19 വർഷം ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച തുടർ നടപടികൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.22/21.11.19) സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിച്ച് വരുന്നുവെന്നാണ് മറുപടി ലഭ്യമാക്കിയത്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്.

**<u>2. റേഷൻ ഡിപ്പോകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു</u>**

2011ലെ കേരള മുനിസിപ്പാലിററി (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കുംമറ്റ് വ്യാപരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുള്ള പട്ടിക II ക്രമ നം.54 പ്രകാരം റേഷൻ ഡിപ്പോകളെയും ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മേൽ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. റേഷൻ ഡിപ്പോകളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.23) റേഷൻകടകളിൽ നിന്ന് ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. റേഷൻ ഡിപ്പോകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-15 വീട്ടുവാടക റിക്കവറി ഈടാക്കിയില്ല

2018 ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ സെക്രട്ടറിയുടെ വീടിന്റെ വാടകയിനത്തിൽ തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. ഈ മാസങ്ങളിൽ സെക്രട്ടറി വീട്ട് വാടക ബത്ത 1500/- രൂപ കൈപ്പറ്റിയിട്ടുമുണ്ട്. എന്നാൽ 39500 – 83000 സ്കെയിലിൽ 39,500 /-രൂപ അടിസ്ഥാന ശമ്പളത്തിൽ ജോലി ചെയ്തിരുന്ന സെക്രട്ടറിയിൽ നിന്ന് വീട്ട് വാടക റിക്കവറിയിനത്തിൽ തുക ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-16 തൊഴിൽ നികുതി- പൊതു അപാകതകൾ

**<u>1.സ്ഥാപനങ്ങളുടെ തൊഴിൽ നികുതി – ഡിമാന്റ് ചെയ്തിട്ടില്ല.</u>**

തൊഴിൽനികുതി സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങൾ ഡിമാന്റിലുൾപ്പെട്ടതായി കാണുന്നില്ല.

1. വിവേകാനന്ദ പബ്ലിക് സ്കൂൾ പാഴൂർ
2. പിറവം അഗ്രികൾച്ചർ ഇംപ്രൂവ്മെന്റ് കോപ്പറേറ്റീവ് സൊസൈറ്റി
3. മഹാറാണി ഹോളിഡേ ഹോംസ് പ്രൈവറ്റ് ലിമിറ്റഡ്

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19(1)/21.11.19)മറുപടിയായി ടി സ്ഥാപനങ്ങളെ ഡിമാന്റിലുൾപ്പെടുത്തി നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

<u>**2.വിമുക്തഭടനെ തൊഴിൽനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കി**</u>

ഗവൺമെന്റ് വെറ്റിനറി ഹോസ്പിറ്റൽ പിറവം എന്ന സ്ഥാപനത്തിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ശ്രീ.കെ.എൻ.പ്രകാശിനെ വിമുക്തഭടൻ എന്ന കാരണത്താൽ 18-19 രണ്ട് അർദ്ധ വർഷത്തിലും തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വിമുക്തഭടന്മാർക്ക് തൊഴിൽനികുതി ബാധകമാക്കി സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. ഓഫീസ് മേധാവി സമർപ്പിച്ച റിട്ടേൺ സ്റ്റേറ്റ്മെന്റ് പ്രകാരം ടിയാളുടെ അർദ്ധവാർഷിക വരുമാനം 125000 ൽ കൂടുതലാണെന്ന് കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19(2)/21.11.19)മറുപടിയായി ടിയാനിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് നിർദ്ദേശം നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടിയാനിൽ നിന്നും രണ്ട് അർദ്ധവർഷത്തിലും കൂടി 2500 രൂപ തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-17 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

2018-19 ഒന്നാം അർദ്ധ വർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നതിനായി വിവിധ സ്ഥാപന മേധാവികൾ സമർപ്പിച്ച സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രണ്ടാം അർദ്ധ വർഷത്തിലേത് ഹാജരാക്കിയതിൽ പിഡബ്ല്യുഡി റോഡ് സെക്ഷൻ, എംഎസ്എം ഐറ്റിസി, പിറവം പഞ്ചായത്ത് സർവ്വീസ് ബാങ്ക്, കെഡബ്ല്യൂഎ ഹെഡ് വർക്ക്സ് സബ്ഡിവിഷൻ, മാക്സ് വാല്യൂ ക്രഡിറ്റ്സ്& ഇൻവെസ്റ്റ്മെന്റ്സ്, മുത്തൂറ്റ് ഫിൻ കോർപ്പ്, ഫെഡറൽ ബാങ്ക്, വിജയ ബാങ്ക്, ശ്രീ ഗോകുലം ചിറ്റ്സ്, ഡയറി എക്സ്റ്റെൻഷൻ ഓഫീസ്, പിറവം പോലീസ് സ്റ്റേഷൻ, പിറവം മുനിസിപ്പാലിറ്റി എന്നീ സ്ഥാപനങ്ങളുടെ സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ആകെ തൊഴിൽ നികുതി തുകയുടെ കൃത്യത പരിശോധിക്കുന്നതിനോ ജീവനക്കാരുടെ വരുമാനത്തിന് ആനുപാതികമായി നികുതി ഈടാക്കിയിട്ടുണ്ടോയെന്ന് ഉറപ്പാക്കുന്നതിനോ സാധിക്കുന്നില്ല.

ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 18-19 ഒന്നാം അർദ്ധ വർഷത്തെ തൊഴിൽനികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരം |
|---|---|
| 1 | യോഗക്ഷമം ലോൺസ് ലിമിറ്റഡ് |
| 2 | നീതി മെഡിക്കൽ സ്റ്റോർ |

| | |
|---|---|
| 3 | ഇൻഡ്യ ട്രേഡ് മൈക്രോ ഫിനാൻസ് ലിമിറ്റഡ് |
| 4 | പടിക്കൻ വെഡ്ഡിംഗ് സെന്റർ |
| 5 | എസ്എംഎൽ ഫിനാൻസ് ലിമിറ്റഡ് |
| 6 | സപ്ലൈകോ സൂപ്പർമാർക്കറ്റ് ,മെഡിക്കൽ സ്റ്റോർ പിറവം |
| 7 | DEN കേബിൾ നെറ്റ്വർക്ക് പ്രൈവറ്റ് ലിമിറ്റഡ് |
| 8 | മുളക്കുളം മാവേലി സ്റ്റോർ |
| 9 | KWA ഹെഡ് വർക്ക് സബ്ഡിവിഷൻ |
| 10 | കെയുസിഎസ്(ആപ്കോസ്), പാലച്ചുവട് |
| 11 | ഡെലിവറി പ്രൈവറ്റ് ലിമിറ്റഡ് |
| 12 | റബ്ബർ ബോർഡ് റീജണൽ ഓഫീസ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.18/21.11.19)മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതും സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

# 1-18 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല

2018-19 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | കെഎസ്ഇബി ഇലക്ട്രിക്കൽ സെക്ഷൻ, പിറവം | I |
| 2 | സപ്ലൈകോ സൂപ്പർമാർക്കറ്റ്, പിറവം | I&II |
| 3 | എംവീസ് ഫിനാൻസ് | I &II |
| 4 | UAE എക്സ്ചേഞ്ച് & ഫിനാൻസ്, പിറവം | II |
| 5 | നെടുംചാലിൽ ഐ ഹോസ്പിറ്റൽ, പിറവം | II |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.20/21.11.19) മറുപടിയായി മേൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-19 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കി

തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14.01.2011ലെ സർക്കാർ ഉത്തരവ് (അച്ചടി) 17/2011 ന്റെ അടിസ്ഥാനത്തിൽ നഗരസഭ 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60 രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 90 രൂപയായും നികുതിനിരക്ക് നിശ്ചയിച്ചിട്ടുണ്ട്. വിവിധ സാമ്പത്തിക വർഷങ്ങളിൽ വസ്തുനികുതി നിർണ്ണയിച്ച 100 ച. മീറ്ററിന് മുകളിൽ തറവിസ്തൃതിയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള

വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 60 രൂപ നിരക്കിലാണ് നികുതി ഈടാക്കിയത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടനം | നികുതി നിലവിൽ വന്ന അർദ്ധ വർഷം | വിസ്തൃതി (ച.മീ.) | നിർണ്ണയിക്കേണ്ട നികുതി - 90 രൂപ നിരക്കിൽ (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ്, സർവീസ് ചാർജ് ഉൾപ്പെടെ) | നിർണ്ണയിച്ച നികുതി - 60 രൂപ നിരക്കിൽ (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ്, സർവീസ്ചാർജ് ഉൾപ്പെടെ) | കുറവ് (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് സർവീസ്ചാർജ് ഉൾപ്പെടെ) |
|---|---|---|---|---|---|
| VIII/342 | 2017-18(1) | 119.70 | 14867 | 9912 | 4955 |
| IX/494 | 2016-17(1) | 130.60 | 16221 | 10816 | 5405 |
| IX/496 | 2016-17(1) | 130.60 | 16221 | 10816 | 5405 |
| IX/504 | 2016-17(1) | 127.86 | 15880 | 10588 | 5292 |
| ആകെ | | | | | 21057 |

മേൽ സൂചിപ്പിച്ച പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണയിച്ചത് മൂലം 2018-19 സാമ്പത്തിക വർഷത്തിൽ വസ്തുനികുതി ഇനത്തിൽ 21057/- രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. മേൽ അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 37/25.11.2019) തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ, പ്രസ്തുത നഷ്ടം നികുതിപുനർനിർണ്ണയം നടത്തി ബന്ധപ്പെട്ട നികുതിദായകരിൽ നിന്നും കുടിശ്ശിക ഉൾപ്പെടെ ഈടാക്കേണ്ടതാണ്.

# 1-20 വാടകയ്ക്ക് നൽകിയ മുറിയിൽ മാറ്റങ്ങൾ വരുത്തി - വാടകക്കാരനെതിരെ നടപടികൾ സ്വീകരിച്ചില്ല.

ഫയൽ നം.A78947/17

നഗരസഭയുടെ ഉടമസ്ഥതയിലുള്ള മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ V/433 AM, AN നമ്പർ മുറികൾ ശ്രീ.രാജു.കെ.ഐ, കൊല്ലംപറമ്പിൽ എന്ന വ്യക്തി വാടകയ്ക്ക് എടുത്തിട്ടുള്ളതാണ്. ടി വാടകക്കാരൻ പ്രസ്തുത മുറി മുനിസിപ്പാലിറ്റിയുടെ അനുവാദം കൂടാതെ റോഡിന് അഭിമുഖമായി ഷട്ടർ പിടിപ്പിച്ചിരിക്കുകയാണെന്ന് കാണിച്ച് പരാതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തിയ റവന്യൂ ഇൻസ്പെക്ടർ മുറികളുടെ ഇടയിലുള്ള ഭിത്തി വാടകക്കാരൻ പൊട്ടിച്ച് മാറ്റിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 20.06.18 ൽ കക്ഷിയ്ക്ക് നോട്ടീസ് നൽകിയെങ്കിലും വിശദീകരണം ലഭ്യമാകാത്തതിനാൽ റവന്യൂ ഇൻസ്പെക്ടർ സ്ഥലത്ത് പരിശോധന നടത്തിയതിൽ പൊളിച്ച് മാറ്റിയ ഭാഗം കെട്ടിമൂട്ടിച്ചിട്ടുണ്ടെങ്കിലും ടി ഭാഗം സിമന്റ് തേച്ചിട്ടില്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് ടിയാനെ 11.07.2018 ൽ ഹിയറിംഗിന് വിളിക്കുകയും അറിവില്ലായ്മ മൂലം സംഭവിച്ചതാണെന്നും ഇപ്പോൾ മുറി പൂർവ്വസ്ഥിതിയിലാക്കിയിട്ടുള്ളതിനാൽ തുടർ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും നഷ്ടപരിഹാരം ഒടുക്കുവാൻ തയ്യാറാണെന്നും മൊഴി നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് ഇനി ഇത്തരം പ്രവൃത്തികൾ നടത്തരുതെന്ന് കർശന നിർദ്ദേശം നൽകുകയും നഷ്ടപരിഹാരം ഈടാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഫയൽ നടപടികൾ താൽക്കാലികമായി

അവസാനിപ്പിക്കുന്നതായി 17.07.18 ലെ എ7-5373/2018 നമ്പർ കത്ത് പ്രകാരം കക്ഷിയെ അറിയിച്ചതായി കാണുന്നു. എന്നാൽ കക്ഷിയിൽ നിന്നും ഇത്തരത്തിൽ എന്തെങ്കിലും നഷ്ടപരിഹാരം ഈടാക്കിയതായി കാണുന്നില്ല. മാത്രമല്ല ഇതേ വ്യക്തിയ്ക്ക് തന്നെ 2019-20 വർഷവും പ്രസ്തുത മുറികൾ വാടകയ്ക്ക് നൽകിയിട്ടുമുണ്ട്.

വഴിയോരക്കച്ചവടങ്ങൾ കൊണ്ടും വണ്ടികൾ കൊണ്ടിട്ടുള്ള കച്ചവടം കൊണ്ടും ടി മുറികളിൽ കച്ചവടം നടത്തുന്നതിന് അസൗകര്യം ഉള്ളതിനാൽ മുറിയിൽ നിന്നും റോഡിലേക്ക് സ്വന്തം ചെലവിൽ എൻട്രൻസ് നിർമ്മിക്കുവാൻ അനുവാദത്തിനായി ടിയാൻ അപേക്ഷിച്ചിരുന്നു. അനുമതി നൽകുന്നതിന് റീസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ 19567/- രൂപ ഈടാക്കണമെന്ന് മുനിസിപ്പൽ എഞ്ചിനിയർ സ്ഥല പരിശോധന നടത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 10.01.19 ലെ 10-ാം നമ്പർ തീരുമാന പ്രകാരം സ്ഥലപരിശോധന നടത്തിയ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ടി മുറികളിൽ വാടകക്കാരൻ റോഡിനഭിമുഖമായി പ്രവേശന കവാടത്തിലേക്ക് ഷട്ടർ നിർമ്മാണം നടത്തിയിട്ടുള്ളതായി കാണുന്നുവെന്നും നിലവിലുണ്ടായിരുന്ന ഇടഭിത്തി പൊളിച്ച് നീക്കിയിട്ടുള്ളതിനാൽ ആയതിന്റെ റീസ്റ്റോറേഷൻ ചാർജ്ജ് ടിയാനിൽ നിന്നും ഈടാക്കുന്നതിനും 8.7.2019 ലെ 28-ാം നമ്പരായി തീരുമാനവുമെടുത്തു. ഇത് സംബന്ധിച്ച് എന്തെങ്കിലും നഷ്ടപരിഹാര തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും മേൽ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.5/19.11.19) മറുപടിയായി 28.10.2019 ലെ 3-ാം നമ്പർ പ്രകാരം കൗൺസിൽ ടി വിഷയം ചർച്ച ചെയ്യുകയും കൗൺസിലർമാർ വിയോജനം രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അജണ്ട മാറ്റിവെച്ചതായും അറിയിച്ചിട്ടുണ്ട്. കൂടാതെ വ്യക്തമായ കൗൺസിൽ തീരുമാനം നാളിതുവരെ ലഭിച്ചിട്ടില്ലാത്തതിനാലാണ് ശ്രീ.രാജു.കെ.ഐ യുടെ പക്കൽ നിന്നും റീസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കാത്തതെന്നും കൗൺസിൽ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് ടിയാനിൽ നിന്നും തുക ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വാടകക്കാരനുമായി ചമച്ച കരാറിലെ നാലാം നമ്പർ വ്യവസ്ഥ പ്രകാരം വാടക കെട്ടിടങ്ങളിൽ വാടകയ്ക്ക് നൽകിയ ആളിന്റെ രേഖാമൂലമുള്ള മുൻകൂർ അനുവാദമില്ലാതെ യാതൊരു സാഹചര്യത്തിലും ഏതെങ്കിലും മാറ്റങ്ങളോ കൂട്ടിച്ചർക്കലുകളോ നടത്തുകയോ നടത്താൻ അനുവദിക്കുകയോ ചെയ്യുന്നതല്ലാത്തതും എന്നാൽ വാടകയ്ക്ക് നൽകുന്ന ആൾ വാടകക്കാരന് ഏതെങ്കിലും മാറ്റം വരുത്താൻ അനുവദിക്കുകയാണെങ്കിൽ വാടകക്കാരന് അതിനുള്ള നഷ്ടപരിഹാരത്തിന് അർഹതയില്ലാത്തതുമാണെന്നും പറഞ്ഞിട്ടുണ്ട്. ആയതിനാൽ മേൽ വിഷയങ്ങളിൽ കൗൺസിൽ അടിയന്തിര തീരുമാനങ്ങൾ എടുക്കേണ്ടതും നഗരസഭയുടെ അനുമതി കൂടാതെ കെട്ടിടത്തിൽ മാറ്റങ്ങൾ വരുത്തിയ വാടകക്കാരനിൽ നിന്നും നഷ്ടപരിഹാരമീടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-21 പത്രപരസ്യം-ഡിസ്കൗണ്ട് ആനുകൂല്യം ലഭ്യമാക്കിയില്ല

ഓഡിറ്റ് വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പരസ്യം പ്രസിദ്ധീകരിച്ച വകയിൽ മലയാള മനോരമ ദിനപത്രത്തിന് തനത് ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| ക്രമ നം. | തുക | വൗച്ചർ നം.,തീയതി |
|---|---|---|
| 1 | 7613 /- | 21800084 / 23.04.18 |
| 2 | 8033 /- | 21800241 / 31.05.18 |
| 3 | 8033 /- | 21800364 / 30.06.18 |
| 4 | 12852 /- | 21800780 / 19.09.18 |

| | | |
|---|---|---|
| 5 | 8033 /- | 21800892 / 11.10.18 |
| 6 | 16065 /- | 21801230 / 28.01.19 |
| 7 | 8033 /- | 21801345 / 30.01.19 |

ജി.ഒ(ആർ.ടി) 1/2011/പി ആൻഡ് എ ആർ ഡി, തീയതി 04.01.2011പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് ദിനപത്രങ്ങളിൽ പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് 15% ഡിസ്കൗണ്ട് അനുവദിക്കണം. എന്നാൽ നഗരസഭ മുകളിൽ പറഞ്ഞിട്ടുള്ള പരസ്യങ്ങൾക്ക് ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് വർഷത്തിൽ പരസ്യചാർജിന് മംഗളം ദിനപത്രം ഡിസ്കൗണ്ട് നല്കിയിട്ടുമുണ്ട്. വരും വർഷങ്ങളിൽ പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് എല്ലാ ദിനപത്രങ്ങളിൽ നിന്നും സർക്കാർ നിഷ്കർഷിച്ചിട്ടുള്ള 15% നിരക്കിൽ ഇളവ് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# 1-22 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ നഗരസഭാ അക്കൗണ്ടിലേക്ക് മുതൽകൂട്ടുന്നില്ല

2018-19 വാർഷിക ധനകാര്യപത്രികയിലെ അദർ ഡെപ്പോസിറ്റ് റിസീവ്ഡ് എന്ന ഇനത്തിൽ (കോഡ് 340809900) 8334485/- രൂപ നീക്കിയിരിപ്പുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 1971-72 മുതൽ 2014-15 വരെ വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച ഡെപ്പോസിറ്റുകളിൽ റീഫണ്ട് ക്ലെയിം ചെയ്യാത്ത തുകയാണിത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | തുക | വർഷം | തുക |
|---|---|---|---|
| 1971-72 | 300 | 1994-95 | 136040 |
| 1972-73 | 10239 | 1995-96 | 500 |
| 1980-81 | 200 | 2002-03 | 33288 |
| 1982-83 | | 2003-04 | 212050 |
| 1983-84 | 15902300 | 2004-05 | 61115 |
| 1986-87 | 6730 | 2005-06 | 86175 |
| 1987-88 | 37795 | 2008-09 | 33885 |
| 1988-89 | 12205 | 2009-10 | 5900 |
| 1990-91 | 8350 | 2010-11 | 3552104 |
| 1991-92 | 5000 | 2011-12 | 730600 |
| 1992-93 | 42895 | 2012-13 | 2657072 |
| 1993-94 | 12350 | 2013-14 | 685892 |
| ആകെ | | | 8194621 |

ഡെപ്പോസിറ്റുകൾ റീഫണ്ട് ക്ലെയിം ചെയ്യാനുള്ള കാലാവധി കഴിഞ്ഞ് മൂന്ന് വർഷം പൂർത്തിയാകുന്ന സാമ്പത്തിക വർഷാവസാനം അവ നഗരസഭ റവന്യൂ അക്കൗണ്ടിലേക്ക് വരവ് വെക്കാവുന്നതാണ്. (കേരള ഫിനാൻഷ്യൽ കോഡ് vol 1 ആർട്ടിക്കിൾ 282). എന്നാൽ, നാളിതുവരെ മേൽ ഡെപ്പോസിറ്റുകളുടെ റിഫണ്ട് ക്ലെയിം ചെയ്യാനുള്ള കാലാവധി പരിശോധിച്ച് അവ നഗരസഭ റവന്യൂ അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 16/21.11.2019) മേൽ ഡെപ്പോസിറ്റുകൾ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ച് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ നഗരസഭ അക്കൗണ്ടിലേക്ക് വരവ് വെക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. വിഷയം കൗൺസിലിൽ അവതരിപ്പിച്ച് കാലഹരണപ്പെട്ട നിക്ഷേപങ്ങളുടെ ബാധ്യത വാർഷികധനകാര്യ പത്രികയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-23 ആദായനികുതി ഈടാക്കിയില്ല

2018 -19 സാമ്പത്തികവർഷത്തിൽ നഗരസഭയുമായി ബന്ധപ്പെട്ട നിരവധി കേസുകൾ കൈകാര്യം ചെയ്തതിന് അഡ്വ.ജോർജ് സെബാസ്റ്റ്യന് തനത് ഫണ്ടിൽ നിന്ന് താഴെ പറയും പ്രകാരമുള്ള തുക ഫീസിനത്തിൽ നല്കിയിട്ടുണ്ട്.

| ക്രമ നം. | തുക | വൗച്ചർ നം.,തീയതി |
|---|---|---|
| 1 | 10,000 /- | 21800085 ,23.04.18 |
| 2 | 40,000 /- | 21800362 ,18.06.18 |
| 3 | 32,000 /- | 21800839 ,28.09.18 |
| 4 | 90,000 /- | 21801060 ,05.12.18 |
| 5 | 24,000 /- | 21801222 ,23.01.19 |
| ആകെ നല്കിയ തുക 1,96,000 /- | | |

എന്നാൽ 1961ലെ ആദായനികുതി നിയമം വകുപ്പ് 194 J പ്രകാരം പ്രൊഫഷണൽ ചാർജിനത്തിൽ തുക നല്കുമ്പോൾ നികുതിയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 10% തുക ഈടാക്കിയിട്ടില്ല. ആയതിനാൽ ടി വ്യക്തിയിൽ നിന്ന് 19,600 /- രൂപ ഈടാക്കേണ്ടതും ആയത് ആദായനികുതി വകുപ്പിൽ ഒടുക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

# 1-24 മരാമത്ത് പ്രവൃത്തികൾ - ബില്ലിൽ കുറവ് ചെയ്ത തുകകൾ അടവാക്കിയില്ല.

പരിശോധനയ്ക്ക് ലഭ്യമാക്കിയ, തനത് ഫണ്ട് വിനിയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും നിയമപ്രകാരം കുറവ് ചെയ്ത ആദായ നികുതി, നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം, ചരക്ക് സേവന നികുതി എന്നിവ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് അടവാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | കരാറുകാരന് നൽകിയത് | | ബില്ലിൽ കുറവ് ചെയ്തത് | | |
|---|---|---|---|---|---|
| | തുക | ചെക്ക് നം | ആദായ നികുതി | ക്ഷേമനിധി വിഹിതം | ജി.എസ്.റ്റി |
| പാഴൂർ ആറ്റുതീരം റോഡ് - വാർഡ്.23 (എസ്.0108/19) | 373286/- | 585513/ 14.2.19 | 3945/- | 3945/- | 7890/- |
| കുരിയേടത്ത് റോഡ് കോൺക്രീറ്റിങ്ങ് - വാർഡ്.20 (എസ്.0284/19) | 316534/- | 585690/ 22.3.19 | 3297/- | 3297/- | 6596/- |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | |
|---|---|---|---|---|---|
| കളമ്പൂർ ഹോമിയോ ആശുപത്രിയിലേക്കുള്ള റോഡ് -വാർഡ് 22 (എസ്.0119/19) | 286313/- | 585489/ 28.1.19 | 2982/- | 2982/- | 5964/- |
| ചന്തേലിപ്പടി മേലാട്ടുപറമ്പിൽ റോഡ് സെക്കന്റ് റീച്ച് (എസ്.0164/19) | 97185/- | 585522/ 18.2.19 | 992/- | 992/- | - |
| മഴവിൽപ്പാലം പെയിന്റിങ്ങ് (എസ്.0210/19) | 68765/- | 585682/ 8.3.19 | 701/- | 701/- | - |
| പാഴൂർ ആറ്റതീരം റോഡ് മെയിന്റനൻസ് സെക്കന്റ് റീച്ച് - വാർഡ്.24 (എസ്.0285/19) | 96589/- | 586141/ 5.7.19 | 986/- | 986/- | - |
| കക്കാട് സ്കൂൾത്താഴം ട്രാക്ടർ പാസ്സേജ് -വാർഡ് 4 (എസ്.0185/19) | 48511/- | 586041/ 5.7.19 | 495/- | 495/- | - |
| ചെള്ളേത്തുപാടം മാഞ്ഞാമറ്റത്തിൽ റോഡ് മെയിന്റനൻസ് -വാർഡ് 19 (എസ്.165/19) | 48278/- | 586041/ 5.7.19 | 496/- | 493/- | - |
| തോപ്പിൽത്താഴം ട്രാക്ടർ പാസ്സേജ് (എസ്.0184/19) | 43701/- | 586041/ 5.7.19 | 446/- | 446/- | - |
| ആകെ | | | 14340/- | 14340/- | 20450/- |

ഈ തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 33/22.11.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ആദായനികുതി, ജി.എസ്.റ്റി. മുതലായവ യഥാസമയം അടവാക്കിയില്ലെങ്കിൽ പിഴ സഹിതം അടവാക്കേണ്ടി വരുന്ന സാഹചര്യമാണുള്ളത്. മേൽ തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് അടവാക്കേണ്ടതാണ്. ആയതിന് പിഴ അടവാക്കേണ്ടിവരുന്ന സാഹചര്യം ഉണ്ടായാൽ പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-25 ടാർ വീപ്പകളുടെ വില തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നു.

ബിറ്റുമെൻ ഉപയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികളിൽ ഒഴിഞ്ഞ വീപ്പകളുടെ തുക ഈടാക്കിയത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്കാണ് (712031400000008) മുതൽക്കുട്ടുന്നത്. പ്രവൃത്തികൾക്ക് ഏതിനം ഫണ്ടാണോ ഉപയോഗിക്കുന്നത് പ്രസ്തുത ഫണ്ടിന്റെ സേവിങ്ങ്സ് ആയിട്ടാണ് ഇത്തരത്തിലുള്ള തുകകൾ കണക്കാക്കേണ്ടത്. വികസനഫണ്ട്, സംരക്ഷണഗ്രാന്റ് ധനകാര്യക്കമ്മീഷൻ ഗ്രാന്റ് എന്നിവ വകയിരുത്തി നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഇത്തരത്തിൽ കാലി വീപ്പകളുടെ വിലയായി ഈടാക്കുന്ന തുകകൾ അതത് ഫണ്ടിലേക്കാണ് മുതൽക്കുട്ടേണ്ടത്. കാലി ബാരലിന്റെ വില കുറച്ചുള്ള തുകയ്ക്ക് മാത്രം ബില്ല് എഴുതി തുക മാറുകയാണ് വേണ്ടത്. നഗരസഭയിൽ തനത് ഫണ്ട് അല്ലാതെ മറ്റ് ഫണ്ടുകൾ ഉപയോഗിച്ച് നടപ്പിലാക്കിയ പ്രോജക്ടുകളിൽ കാലി ബാരലിന്റെ വില ബില്ലിൽ കുറവ് വരുത്തി അത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽക്കുട്ടിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം. 38/25.11.2019) ലഭ്യമാക്കിയ മറുപടിയിൽ ഈ തുകകൾ ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് മാറ്റുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ മാറ്റിയിട്ടിട്ടുള്ള തുകകൾ സംബന്ധിച്ച വിശദവിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് | | ഉപയോഗിച്ച ഫണ്ട് | തനത് ഫണ്ടിലേക്ക് |
|---|---|---|---|
| നമ്പർ | പേര് | | |

| | | | മുതൽക്കൂട്ടിയ തുക |
|---|---|---|---|
| എസ്.0163/19 | പുത്തൻപുരപ്പടി തച്ചേത്ത്കണ്ടം റോഡ് മെറ്റലിങ്ങ് ടാറിങ്ങ്. | ധനകാര്യക്കമ്മീഷൻ ഗ്രാന്റ് | 1666/- |
| എസ്.0179/19 | നീന്തൽക്കുളം റോഡ് മെറ്റലിങ്ങ് ടാറിങ്ങ്. | സംരക്ഷണഗ്രാന്റ് (റോഡ്) | 1190/- |
| എസ്.0203/19 | പുളിതാനം ഇട്ട്യാർമല റോഡ് മെയിന്റനൻസ്. | സംരക്ഷണഗ്രാന്റ് (റോഡ്) | 2380/- |
| എസ്.0224/19 | കൊച്ചുപള്ളി ഐ.ബി.ജംങ്ഷൻ റോഡ് റീടാറിങ്ങ്. | സംരക്ഷണഗ്രാന്റ് (റോഡ്) | 5474/- |
| എസ്.0008/19 | മത്സ്യക്കോളനി റോഡ് റീടാറിങ്ങ്. | സംരക്ഷണഗ്രാന്റ് (റോഡ്) | 1904/- |
| എസ്.0197/19 | നാമക്കുഴി എച്ച്.എസ്.എസ്.റോഡ് റീടാറിങ്ങ്. | സംരക്ഷണഗ്രാന്റ് (റോഡ്) | 1904/- |
| എസ്.0187/19 | ഷാപ്പുപടി -സബ്സ്റ്റേഷൻ പടി റോഡ്. | സംരക്ഷണഗ്രാന്റ് (റോഡ്) | 1666/- |
| എസ്.0260/19 | ചേന്നംപിള്ളി കുന്നേപ്പിള്ളി റോഡ് - മെറ്റലിങ്ങ് ടാറിങ്ങ്. | സംരക്ഷണഗ്രാന്റ് (റോഡ്) | 238/- |
| എസ്.0166/19 | പുല്യാകുളത്തിൽ പടി കളപ്പുരയ്ക്കൽപടി റോഡ് മെറ്റലിങ്ങ് ടാറിങ്ങ്. | സംരക്ഷണഗ്രാന്റ് (റോഡ്) | 2856/- |
| എസ്.0201/19 | സ്കൂൾമല പാറക്കടവ് റോഡ് മെയിന്റനൻസ്. | സംരക്ഷണഗ്രാന്റ് (റോഡ്) | 1666/- |
| എസ്.0237/19 | ഫാത്തിമമാതാ കാർഗ്ഗിൽ റോഡ്. | സംരക്ഷണഗ്രാന്റ് (റോഡ്) | 2380/- |
| എസ്.0062/19 | മൂട്ടക്കുഴി മാരാഴിക്കുളം റോഡ് | സംരക്ഷണഗ്രാന്റ് (റോഡ്) | 952/- |
| എസ്.0194/19 | വാലേപ്പടി കണ്ണൻകുളത്തി പടി റോഡ് | സംരക്ഷണഗ്രാന്റ് (റോഡ്) | 2618/- |
| എസ്.0239/19 | തെക്കുംമൂട്ടിൽ പടി പുഞ്ചപ്പാടം റോഡ് | സംരക്ഷണഗ്രാന്റ് (റോഡ്) | 3094/- |
| **ആകെ** | | | **29988/-** |

ഈ തുക നഗരസഭയുടെ വരവ് അല്ലാത്തതിനാൽ തുക ബന്ധപ്പെട്ട ഫണ്ടുകളിലേക്ക് തിരികെ അടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-26 നിർമ്മാണപ്രവർത്തനങ്ങൾക്ക് സംരക്ഷണഗ്രാന്റ് റോഡുവിഹിതം

സംരക്ഷണ ഗ്രാന്റ് (റോഡ്) വിഹിതത്തിന്റെ ഉപയോഗം സംബന്ധിച്ച മാർഗ്ഗരേഖ 09.12.2004 ലെ സ.ഉ.(സാധാ) 330/04/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം കുഴികൾ നികത്തുക, ഉപരിതലം നിരപ്പാക്കുക, ഓടകൾ നിർമ്മിക്കുക, വശങ്ങളിൽ ഭിത്തി കെട്ടി ശക്തിപ്പെടുത്തുക മുതലായ ആവശ്യങ്ങൾക്ക് മാത്രമേ സംരക്ഷണ ഗ്രാന്റ് (റോഡ്) വിനിയോഗിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

28.11.2012 ലെ 68228/എഫ്.എം.1/2012/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിങ്ങ്, ടാറിങ്ങ്, കോൺക്രീറ്റിങ്ങ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആ തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറിയ റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുത്ത ശേഷം മാത്രമെ റോഡ് മെയിന്റനൻസ് ഫണ്ട് ഈ പ്രവൃത്തികൾക്ക് ഉപയോഗിക്കാവൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഓഡിറ്റ് വർഷത്തിൽ മരാമത്ത് പണികൾക്കായി ചെലവഴിച്ച റോഡ് മെയിന്റനൻസ് ഫണ്ടിൽ 74.93% തുകയും മെറ്റലിങ്ങ്, ടാറിങ്ങ്, കോൺക്രീറ്റിങ്ങ് പ്രവൃത്തികൾക്കായിട്ടാണ് ഉപയോഗിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/21.11.2019) ലഭ്യമാക്കിയ മറുപടിയിൽ പിറവം നഗരസഭാ പരിധിയിൽ മെയിന്റനൻസ് ചെയ്യേണ്ട റോഡുകൾ നിലവിൽ ഇല്ല എന്ന് നഗരസഭാ കൗൺസിൽ 7.5.2018 ലെ 20-ാം ആയി തീരുമാനം എടുത്തിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്.

| | |
|---|---|
| ആകെ ചെലവഴിച്ച സംരക്ഷണഗ്രാന്റ് റോഡ് | 1,14,15,641/- |
| മെറ്റലിങ്ങ്, ടാറിങ്ങ്, കോൺക്രീറ്റിങ്ങ് എന്നീ നിർമ്മാണപ്രവൃത്തികൾക്കായി ഉപയോഗിച്ച തുക | 85,53,799/- |
| നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ച സംരക്ഷണഗ്രാന്റ് റോഡ് - ന്റെ ചെലവ് ശതമാനം. | 74.93% |

# 1-27 മഴുവഞ്ചേരി കനാൽ റോഡ് - പ്രോജക്ട് ഇല്ലാതെ തുക ചെലവഴിച്ചു.

2015-16 വാർഷികപദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പാക്കിയ പ്രോജക്ടാണ് മഴവഞ്ചേരി കനാൽ റോഡ് (പ്രോ.നം.എസ്.0193/16). തനത് ഫണ്ടിൽ നിന്നുള്ള 3 ലക്ഷം രൂപ അടങ്കലുള്ള ഈ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണെങ്കിലും 2016-17 വർഷത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തുവാൻ വിട്ടുപോയതിനാൽ തുക നൽകുവാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ 2017-18 വാർഷിക പദ്ധതിയിൽ ആയത് സ്പിൽ ഓവറായി ഏറ്റെടുത്ത് തുക നൽകുന്നതിന് 03.01.2018 ലെ സ.ഉ.(സാധാ)13/2018/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് എസ്.0303/18-ാം നമ്പരായി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ തുക നൽകിയിട്ടുള്ളത് 2018-19 വർഷത്തിലാണ്. ഇതിനായി 18-19 ൽ സ്പിൽ ഓവർ പ്രോജക്ട് ഏറ്റെടുത്തിട്ടുമില്ല. ബിൽ വിവരങ്ങളും മറ്റ് അപാകതകളും താഴെ ചേർക്കുന്നു.

| | |
|---|---|
| കരാറുകാരൻ | ശ്രീ.സാജു.സി.എസ്. (22.4% കുറഞ്ഞ നിരക്ക്) |
| ആകെ പ്രവൃത്തി മൂല്യം | 299796.00 |
| ടെണ്ടർ കുറവ് (22.4%) | 67154.00 |
| | **232642.00** |
| (-) വാറ്റ് 4% | 9306.00 |
| (-) ആദായനികുതി | 2326.00 |
| (-) ക്ഷേമനിധി വിഹിതം | 2326.00 |
| കരാറുകാരന് നൽകേണ്ടത് | 218684.00<br>(ചെക്ക്.നം. 688319/19.07.2018 പ്രകാരം നൽകി) |

ബില്ലിൽ കുറവ് വരുത്തിയ വാറ്റ്, ആദായനികുതി, ക്ഷേമനിധി വിഹിതം എന്നിവ സർക്കാരിലേക്കും ബന്ധപ്പെട്ട സ്ഥാപനത്തിലേക്കും അടവാക്കിയതിന്റെ ചെലാൻ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയത് അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകളും ഓഡിറ്റ് വർഷം പ്രോജക്ട് ഇല്ലാതെ പണം ചെലവഴിച്ചത് സംബന്ധിച്ച വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 32/ 22.11.2019) ലഭ്യമാക്കിയ മറുപടിയിൽ 303/18 -ാം നമ്പർ പ്രോജക്ടിന്റെ അടിസ്ഥാനത്തിലാണ് പണം അനുവദിച്ചത് എന്നും ഗവൺമെന്റ് ഡ്യൂസ് അടച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. 2017-18 ലെ പ്രോജക്ട് നമ്പർ ആണ് 303/18. ഇത് പ്രകാരം 18-19 ൽ പണം ചെലവഴിച്ചത് അംഗീകരിക്കാനാവില്ല. സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും അടവാക്കേണ്ട തുകകൾ അടവാക്കി അറിയിക്കുന്നതിന് വിധേയമായി 218684/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 സാന്ത്വന പരിചരണം- രോഗീ ബന്ധു സംഗമത്തിനായി അധിക തുക ചെലവഴിച്ചു

സർക്കാർ ഉത്തരവ് നം. 3217/2015/ത.സ്വ.ഭ.വ. തിയതി 29.10.2015 പ്രകാരമുള്ള പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം രോഗികളുടേയും കുടുബങ്ങളുടേയും വാർഷിക സംഗമം വിളിച്ച് ചേർക്കാവുന്നതാണെന്നും നടത്തപ്പെടുന്ന പരിപാടികൾക്ക് ഭക്ഷണ ചെലവിലേക്കായി ആൾ ഒന്നിന് പരമാവധി 60/- രൂപ വീതവും സംഗമത്തിന്റെ മറ്റ് ചെലവുകൾക്കായി പരമാവധി 3000/- രൂപയും ചെലവഴിക്കാവുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. കൂടുതൽ തുക വേണ്ടി വരുകയാണെങ്കിൽ ആയത് സ്പോൺസർഷിപ്പിലൂടെ കണ്ടെത്തേണ്ടതാണെന്നും നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ 30.01.2019 ൽ നടത്തിയ രോഗീ ബന്ധു സംഗമത്തിൽ 150 പേർക്ക് 60 രൂപ വെച്ച് 9000 രൂപയ്ക്ക് പുറമേ വിവിധ ആവശ്യങ്ങൾക്കായി 24175 രൂപ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-2ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-29 ബയോഗ്യാസ് പ്ലാന്റ് - ടാർജറ്റ് നേടിയില്ല- മറ്റ് അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് (എസ്.0138/19) |
| അടങ്കൽ | 488250/- വികസന ഫണ്ട്<br>234500/- മറ്റുള്ളവ |
| ചെലവ് വിവരം | 115000/- (ബിൽ ബുക്ക് ക്രമനം. 2 / 21.05.2018)<br>79500/- (ബിൽ ബുക്ക് ക്രമനം. 25 /16.1.2019)<br>15000/- (ബിൽ ബുക്ക് ക്രമനം. 34 /28.3.2019)<br>**ആകെ 2,09,500/-** |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ, പിറവം നഗരസഭ |

ഓഡിറ്റ് വർഷത്തിൽ സ്പിൽ ഓവർ ആയി നടപ്പിലാക്കിയ പ്രോജക്ടാണിത്. പ്രോജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. **ശുചിത്വമിഷന്റെ സബ്സിഡി ലഭിച്ചതായി കാണുന്നില്ല:** ശുചിത്വമിഷൻ കോ ഓർഡിനേറ്ററുടെ 12.03.2018 ലെ 500/ SBM(U)/2017-18/TS.95 -ം നമ്പർ നടപടിക്രമം പ്രകാരം സാങ്കേതിക അനുമതി ലഭിച്ച പ്രോജക്ടാണിത് (പ്രോ.നം. എസ്.0124/18). ഈ നടപടിക്രമത്തിൽ 2.5kg/day ശേഷിയുള്ള FRPയിൽ നിർമ്മിച്ച വാട്ടർ ജാക്കറ്റുള്ള പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് 93 എണ്ണം സ്ഥാപിക്കുന്നതിന്, യൂണിറ്റ് ഒന്നിന് 10500/- ചെലവ് നിശ്ചയിച്ച് ആകെ 976500.00 രൂപ അടങ്കൽ

തുകയിൽ 465000/- രൂപ ശുചിത്വ മിഷൻ വിഹിതമായും 511500/- രൂപ ഗുണഭോക്തൃവിഹിതമായും നിശ്ചയിച്ചാണ് അംഗീകാരം നൽകിയിട്ടുള്ളത്. എന്നാൽ നഗരസഭ വികസനഫണ്ടിൽ നിന്നുമാണ് തുക ചെലവഴിച്ചിട്ടുള്ളത്.

2. **പ്രോജക്ടിന്റെ ടാർജറ്റ് നേടാനായില്ല:** IRTC യുമായി 2018മാർച്ച് 13ന് ഏർപ്പെട്ടിട്ടുള്ള കരാറിൽ 93 ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റ് (FRP നിർമ്മിത 0.5ക്യൂബിക് മീറ്റർ കപ്പാസിറ്റിയുള്ളത്) നൽകുന്നതിനാണ് കരാർ ചെയ്യപ്പെട്ടിട്ടുള്ളത്. എന്നാൽ രണ്ട് സാമ്പത്തിക വർഷങ്ങളിലായി 42 ഗുണഭോക്താക്കൾക്ക് വേണ്ടിയുള്ള തുക മാത്രമാണ് നൽകിയിട്ടുള്ളത്. ഗുണഭോക്തൃ വിഹിതം അടക്കാൻ തയ്യാറാകാത്തതിനാലാണ് ടാർജറ്റ് നേടാൻ സാധിക്കാതിരുന്നത് എന്ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
3. **മോണിറ്ററിങ്ങ് നടത്തിയിട്ടില്ല:** പ്രോജക്ടിന്റെ അംഗീകൃത മോണിറ്ററിങ്ങ് സമിതി (ആരോഗ്യം ശുചിത്വം - മാലിന്യപരിപാലനം ഉൾപ്പെടെ) പ്രോജക്ട് നിർവ്വഹണം മോണിറ്റർ ചെയ്തിട്ടില്ല. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പ്രവർത്തനക്ഷമത ഉറപ്പാക്കി മോണിറ്ററിങ്ങ് റിപ്പോർട്ട് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. വിതരണം പൂർത്തിയാക്കിയത് 2019-20 ലാണെന്നും മോണിറ്ററിങ്ങ് റിപ്പോർട്ട് പരിശോധനയ്ക്ക് നൽകുന്നതുമാണ് എന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്.
4. **ഗുണഭോക്തൃവിഹിതം ചെലവ് പത്രികയിൽ (സുലേഖ) ഉൾപ്പെടുത്തിയിട്ടില്ല:** പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി ചെലവുചെയ്ത ഗുണഭോക്തൃവിഹിതം തുക സുലേഖ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 1-30 പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് & ബെയിലിങ്ങ് യൂണിറ്റ് - പൂർണ്ണമായും പ്രവർത്തന സജ്ജമായില്ല- മറ്റ് അപാകതകൾ.

| പ്രോജക്ടിന്റെ പേര് | പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് & ബെയിലിങ്ങ് യൂണിറ്റ് | |
|---|---|---|
| പ്രോജക്ടിന്റെ നമ്പർ | എസ്.0058/19 | എസ്.0253/19 |
| അടങ്കൽ | 661940/-<br>വികസന ഫണ്ട് | 100000/-<br>വികസന ഫണ്ട് |
| ചെലവ് വിവരം | 482943/- | 100000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ, പിറവം നഗരസഭ | |

പിറവം നഗരസഭയിൽ പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് & ബെയിലിങ്ങ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി രണ്ടുവർഷങ്ങളിലായി ആകെ 982943/- രൂപ ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. **യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനം പൂർണ്ണമായും ആരംഭിച്ചിട്ടില്ല:** ക്ലീൻ കേരള കമ്പനി മെഷിനുകൾ സ്ഥാപിച്ച് പൂർണ്ണമായും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടോ എന്ന് വ്യക്തതയില്ല. പ്രവർത്തന സജ്ജമായിട്ടുണ്ടെങ്കിൽ ആ വിവരവും ഷ്രെഡ് ചെയ്യപ്പെടുന്ന പ്ലാസ്റ്റിക്കിന്റെ വിപണനവും സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടതിന് ഭാഗികമായി പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് ആരംഭിച്ചിട്ടുണ്ടെന്നും ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക്കുകൾ എം.ആർ.എഫ്. സെന്ററിൽ സംഭരിച്ചിരിക്കുകയാണെന്നും ആയത് വിപണനം ചെയ്യുന്നതിനുള്ള നടപടി നടന്നു വരുന്നു എന്നും

മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്ലാന്റിലേക്കുള്ള വൈദ്യുതി ബന്ധം മെച്ചപ്പെടുത്തുന്നതിന് പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

2. **കമ്പനി നൽകിയ വാറണ്ടി ലഭ്യമായില്ല:** കമ്പനി നൽകിയ വാറണ്ടി പിരീഡ് 2019 മെയ് മാസത്തിൽ കഴിയും എന്നതിനാൽ, മെഷിനറി പ്രവർത്തനസജ്ജമല്ലാത്തതിനാൽ മെഷിനറി സ്ഥാപിച്ചതിന് ശേഷം ഒരുവർഷത്തേക്ക് വാറണ്ടി പുതുക്കി നൽകണം എന്ന് നഗരസഭ കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ട് (എച്ച്.1/5130/17/31.1.2019). എന്നാൽ വാറണ്ടി കാലയളവ് നീട്ടി നൽകുവാൻ സാദ്ധ്യമല്ലെന്നും എ.എം.സി.യിലേർപ്പെട്ട് അറ്റകുറ്റപ്പണികൾ നടത്താവുന്നതാണ് എന്ന് ക്ലീൻ കേരള കമ്പനി ലിമിറ്റഡ് നഗരസഭയെ അറിയിച്ചിട്ടുണ്ട് (സി.33/സി.കെ.സി.എൽ./2018-19/4.2.2019). യഥാസമയം മെഷിനറി പ്രവർത്തനസജ്ജമാക്കാതിരുന്നതിനാൽ കമ്പനി നൽകുന്ന വാറണ്ടി നഗരസഭയ്ക്ക് ലഭ്യമായില്ല. എ.എം.സി. ഏർപ്പെടുത്തുന്നതിന് നടപടി നടന്നുവരുന്നു എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3. **എം.ആർ.എഫ്. ഏർപ്പെടുത്താതെ മെഷിനറി വാങ്ങി:** മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിക്കായുള്ള അടിസ്ഥാന സൗകര്യമേർപ്പെടുത്താതെ മെഷിനറി വാങ്ങിസൂക്ഷിക്കുകയാണ് നഗരസഭ ചെയ്തിട്ടുള്ളത്. ആയതിനാൽ തന്നെ കമ്പനി നൽകുന്ന വാറണ്ടി നഗരസഭയ്ക്ക് നഷ്ടപ്പെടുന്ന അവസ്ഥ ഉണ്ടായിട്ടുള്ളതായും കാണുന്നു. മെഷിനുകൾ സ്ഥാപിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായി എഗ്രിമെന്റിൽ ഏർപ്പെട്ട് തുക ചെലവഴിക്കുന്നതിന് ഓരോ കോൺഫറൻസുകളിലും നിർബന്ധപൂർവ്വം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആണ് അടിസ്ഥാന സൗകര്യം ഏർപ്പെടുത്താതെ മെഷിനറികൾ വാങ്ങിയത് എന്ന വിശദീകരണം തൃപ്തികരമല്ല.

4. **ഹരിതകർമ്മ സേന രൂപീകരണം:** ഖരമാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് നഗരസഭയിൽ ഹരിത കർമ്മ സേന രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച കൗൺസിൽ തീരുമാനവും സേനയുടെ പ്രവർത്തന രീതികളുടെ വിവരവും ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ആയത് രൂപീകരിച്ചിട്ടുണ്ട് എന്ന് മാത്രമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

5. **വേസ്റ്റ് മാനേജ്മെന്റ് ബൈലോ പാസാക്കിയിട്ടില്ല:** 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 334സി പ്രകാരം നഗരപ്രദേശത്ത് ഉണ്ടാകുന്ന മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി പ്രത്യേകിച്ചും പ്ലാസ്റ്റിക്ക് മാലിന്യം സംസ്കരണത്തിനായി മാലിന്യ നിർമ്മാർജ്ജന ഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക നിധി രൂപീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. മാത്രമല്ല 2016 ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം വേസ്റ്റ് മാനേജ്മെന്റ് സംബന്ധിച്ച് , തദ്ദേശഭരണ സ്ഥാപനങ്ങൾ ബൈലോ ഉണ്ടാക്കണമെന്നും മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള യൂസർ ഫീസ് നിശ്ചയിക്കണമെന്നും നിർദ്ദേശിച്ചിട്ടുമുണ്ട്. നഗരസഭ ഇപ്രകാരം ബൈലോ പാസാക്കുകയും യൂസർഫീസ് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടതിന് ബൈലോ സ്റ്റാന്റിങ്ങ് കമ്മറ്റിക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കരട് ബൈലോ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

6. **മോണിറ്ററിങ്ങ് നടത്തിയിട്ടില്ല:** പ്രോജക്ടിന്റെ അംഗീകൃത മോണിറ്ററിങ്ങ് സമിതി (ആരോഗ്യം ശുചിത്വം - മാലിന്യപരിപാലനം ഉൾപ്പെടെ) പ്രോജക്ട് നിർവ്വഹണം മോണിറ്റർ ചെയ്തിട്ടില്ല. പ്ലാസ്റ്റിക് ഷ്രെഡിങ്ങ് യൂണിറ്റിന്റെ പ്രവർത്തനക്ഷമത ഉറപ്പാക്കി മോണിറ്ററിങ്ങ് റിപ്പോർട്ട് തയ്യാറാക്കി ലഭ്യമാക്കിയിട്ടില്ല.

തദ്ദേശഭരണസ്ഥാപനങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ് പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങളുടെ നിർമ്മാർജ്ജനം. നഗരസഭയുടെ അനിവാര്യ ചുമതല ആകയാൽ ഈ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് സമയമബന്ധിതവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതാണ്.

# 1-31 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

1.വാർഷിക കർമ്മ പദ്ധതി- പരിമിതമായ നേട്ടം മാത്രം.

2018-19 വർഷത്തെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബജറ്റിനും ആക്ഷൻ പ്ലാനിനും 04.12.2018 ൽ താഴെ ചേർക്കും പ്രകാരം ഡി.പി.സി അംഗീകാരം നൽകിയിട്ടുണ്ട്.

| ആകെ പ്രവൃത്തികൾ | ആകെ എസ്റ്റിമേറ്റ് | ലേബർ കംപോണന്റ് | മെറ്റീരിയൽ, സ്കിൽഡ് ലേബർ | തൊഴിൽ ദിനങ്ങൾ |
|---|---|---|---|---|
| 800 | 106874000 | 82542600 | 24331400 | 304585 |

വാർഷിക കർമ്മ പദ്ധതി പ്രകാരം ലക്ഷ്യമിട്ട നേട്ടം കൈവരിക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. തൻവർഷത്തെ കർമ്മ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ കൂടാതെ സ്പിൽ ഓവർ പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്.

| | പ്രവൃത്തികൾ (എണ്ണം) | പൂർത്തീകരിച്ചത് (എണ്ണം) | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|
| സ്പിൽ ഓവർ | 126 | 88 | 69.84% |
| പുതിയത് | 800 | 66 | 8.25% |

ധനവിനിയോഗവും തൊഴിൽ ദിനവും.

| | ലക്ഷ്യം | നേട്ടം | നേട്ടത്തിന്റെ ശതമാനം |
|---|---|---|---|
| ധനവിനിയോഗം | 106874000 | 7839823 | 7.34% |
| തൊഴിൽ ദിനങ്ങൾ | 304585 | 28474 | 9.35% |

ആക്ഷൻ പ്ലാൻ അനുസരിച്ചുള്ള പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പൂർണ്ണമായും നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-32 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - ക്രമവിരുദ്ധമായി ക്ലാർക്കിനെ നിയമിച്ചു.

തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി നഗരസഭ കൗൺസിലിന്റെ 18.9.2018 ലെ 5-ാം നമ്പർ തീരുമാനപ്രകാരം ശ്രീമതി. ആശ ജോമോൻ എന്ന വ്യക്തിയെ ക്ലർക്ക് തസ്തികയിൽ നിയമിക്കുകയും 2018 മാർച്ച് മാസം (14500/- ചെക്ക് നം.082469/ 01.04.2019) മുതൽ ശമ്പളം നൽകുകയും ചെയ്യുന്നുണ്ട് (ഫയൽ നം.ജി.1/ 5023/17) .

ഒരു സാമ്പത്തിക വർഷത്തിൽ ഒരു കോടിയിലധികം രൂപ ചെലവ് കൈവരിക്കുന്ന നഗരസഭകൾക്ക് തൊഴിലുറപ്പ് പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കുന്നതിനായി നിലവിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള രണ്ട് ജീവനക്കാർക്ക് പുറമെ ആവശ്യമെങ്കിൽ ഒരു ക്ലർക്കിനെ കൂടി നിയമിക്കുന്നതിന് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി സംസ്ഥാനകൗൺസിലിന്റെ 13.6.2018 ലെ 5-ാം നമ്പർ

തീരുമാനപ്രകാരം അനുവദിച്ചിട്ടുണ്ട്. പിറവം നഗരസഭയിൽ തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി വിനിയോഗിച്ച ഫണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | വർഷം | വരവ് തുക | വിനിയോഗിച്ച തുക ( എസ്റ്റാബ്ലിഷ്മെന്റ് ചെലവ് ഉൾപ്പെടെ) |
|---|---|---|---|
| 1 | 2017-2018 | 41,16,125.00 | 10,35,035.00 |
| 2 | 2017-2018 | 67,12,340.00 | 70,85,450.00 |
| 3 | 2018-2019 | 75,69,672.00 | 78,39,823.00 |

പിറവം നഗരസഭയ്ക്ക് ഒരു സാമ്പത്തിക വർഷം ഒരു കോടി രൂപയിലധികം വരവോ ചെലവോ ഇല്ലാതിരിക്കെ പുതിയ തസ്തികയിൽ നിയമനം നടത്തി തുക ചെലവഴിച്ച നടപടി ക്രമവിരുദ്ധമാണ്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.47/ 27.11.2019) ലഭ്യമാക്കിയ മറുപടിയിൽ ക്ലർക്ക് നിയമനത്തിന് സ്വീകരിച്ച നടപടിക്രമങ്ങളെ കുറിച്ചാണ് വിശദീകരിച്ചിട്ടുള്ളത്. ആയതിനാൽ മറുപടി തൃപ്തികരമല്ല. ക്രമവിരുദ്ധമായ നിയമനത്തിലൂടെ ഉണ്ടായിട്ടുള്ള ചെലവ് ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

# 1-33 പി.എം.എ.വൈ. - ലൈഫ് - ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല.

പി.എം.എ.വൈ. പദ്ധതിയിലേക്കായുള്ള യു.എൽ.ബി. വിഹിതം നൽകുന്നതിനായി ഓഡിറ്റ് വർഷം നഗരസഭ ഏറ്റെടുത്ത് ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | | ചെലവ് തുക | ഫണ്ടിനം |
|---|---|---|---|
| നമ്പർ | പേര് | | |
| എസ്.0109/19 | പി.എം.എ.വൈ. ജനറൽ | 31,50,000/- | വികസന ഫണ്ട് |
| എസ്.0110/19 | പി.എം.എ.വൈ. എസ്.സി | 20,90,000/- | വികസന ഫണ്ട് |
| എസ്.0112/19 | പി.എം.എ.വൈ. ആശ്രയ | 3,60,000/- | വികസന ഫണ്ട് |
| ആകെ | | 56,00,000/- | |

നഗരസഭ നടപ്പിലാക്കുന്ന പി.എം.എ.വൈ.-ലൈഫ് പദ്ധതിയുടെ ഭാഗമായി മൂന്ന് അംഗീകൃത ഡി.പി.ആർ. പ്രകാരം ഭവനനിർമ്മാണത്തിന് കരാറിൽ ഏർപ്പെട്ട് വിവിധ ഗഡുക്കൾ കൈപ്പറ്റിയവരിൽ ഇനിയും നിർമ്മാണം പൂർത്തീകരിക്കാത്ത ധാരാളം ഗുണഭോക്താക്കളുള്ളതായി കാണുന്നു.

| ഡി.പി.ആർ | ഗുണഭോക്താക്കളുടെ എണ്ണം | കരാറിൽ ഏർപ്പെട്ടവരുടെ എണ്ണം | ഒന്നാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം | രണ്ടാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം | മൂന്നാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം | നിർമ്മാണം പൂർത്തിയാക്കിവരുടെ എണ്ണം | നിർമ്മാണം ഇനിയും പൂർത്തിയാക്കാത്തവരുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | 109 | 105 | 105 | 100 | 96 | 75 | 30 |
| 2 | 50 | 47 | 47 | 46 | 44 | 29 | 18 |
| 3 | 46 | 44 | 44 | 42 | 36 | 18 | 26 |
| **ആകെ** | **205** | **196** | **196** | **188** | **176** | **122** | **74** |

ആകെ കരാറിൽ ഏർപ്പെട്ട 196 ഗുണഭോക്താക്കളിൽ 74 ആളുകൾ ഇനിയും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഇവരിൽതന്നെ ആദ്യഗഡു കൈപ്പറ്റിയശേഷം തുടർനിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്താത്ത 6 ഗുണഭോക്താക്കൾ ഉണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഡിവിഷൻ നം. | ഒന്നാം ഗഡു കൈപ്പറ്റിയ തീയതി. |
|---|---|---|---|
| 1 | തങ്കമ്മ മത്തായി | 4 | 29.11.2017 |
| 2 | സാറാക്കുട്ടി | 4 | 09.03.2018 |
| 3 | ജോബിമോൾ.കെ.പി. | 24 | 07.02.2018 |
| 4 | സാറാമ്മ | 21 | 14.03.2018 |
| 5 | പി.ജെ.വർക്കി | 16 | 29.12.2018 |
| 6 | ലീല | 2 | 17.10.2018 |

ആദ്യഗഡു കൈപ്പറ്റിയിട്ടും നാളിതുവരെ ഭവനനിർമ്മാണം കരാർ പ്രകാരം പൂർത്തിയാക്കാത്തവരുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനായി നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടതിന് ഗുണഭോക്താക്കൾക്ക് നൽകിയ കത്തിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. ഭവനനിർമ്മാണം എത്രയും വേഗം പൂർത്തീകരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 പൈപ്പ് ലൈൻ നീട്ടൽ - പണി പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | എസ്.0084/19 |
| പ്രൊജക്ടിന്റെ പേര് | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, നഗരസഭ |
| അടങ്കൽ | 381000(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 381000/-<br>ബിൽ നം.<br>1) 62/18-19/ 17.1.19 രൂപ 321000/-<br>2)63/18-19/ 17.1.19 രൂപ 60000/- |

നഗരസഭയിലെ 3ാം വാർഡിലെ നെടുമലയിൽ പൈപ്പ് ലൈൻ നീട്ടുന്നതിനായി 60000/- രൂപയും 13ാംവാർഡിലെ വേലുത്തിച്ചിറ റോഡ്,പുളയമാക്കിൽകോളനി, 18ാം വാർഡിലെ മമ്പുറത്ത്താഴം എന്നിവിടങ്ങളിലേക്കായി 321000/- രൂപയും കേരള വാട്ടർ അതോറിറ്റിയിൽ മുൻകൂറായി നിക്ഷേപിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബിൽ സഹിതം ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 381000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 അങ്കണവാടികളുടെ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

നഗരസഭയിൽ ആകെ 24 അങ്കണവാടികൾ പ്രവർത്തിക്കുന്നു.ഇവയിൽ 11എണ്ണം സ്വന്തം കെട്ടിടത്തിലും 7 എണ്ണം വാടക കെട്ടിടത്തിലും 6 എണ്ണം കമ്മ്യൂണിറ്റി വക കെട്ടിടത്തിലും പ്രവർത്തിക്കുന്നു. ഇവയുടെ 2018-19 വർഷത്തെ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും (നം. 14/20.11.19) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രളയബാധിത

പ്രദേശങ്ങളിലെ അങ്കണവാടികളിൽ (3 അങ്കണവാടികൾ) ഇതുവരെ അറ്റകുറ്റ പണികൾ നടത്തിയിട്ടില്ല എന്നും അതിനുള്ള പ്ളാൻ തയ്യാറാക്കി വരുന്നതേ ഉള്ളൂ എന്നുമാണ് അറിയിച്ചിട്ടുള്ളത്.

പ്രളയബാധിത പ്രദേശങ്ങളിലെ അങ്കണവാടികളിലും മറ്റുള്ള അങ്കണവാടികളിലും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്താനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. അങ്കണവാടികളുടെ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-36 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം -സാമ്പിൾ പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser, Ministry of Women & Child Development, Food & Nutrition Board Southern Region Govt.of India, 26, Haddows Road, Shastri Bhavan, Chennai എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുംബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2018-19 വർഷത്തിൽ 6 മാസം മുതൽ 3 വയസ്സ വരെയുള്ള കുട്ടികൾക്ക് നൽകുന്നതിനായി അമൃതം ഫുഡ് സപ്ളിമെന്റ്, രാമമംഗലം എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നുമാണ് ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. 2018-19 വർഷത്തിലെ സാമ്പിൾ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നല്കിയതിന് (നം. 13/20.11.19) ലഭ്യമാക്കിയ മറുപടിയിൽ 21.10.2019 ൽ സാമ്പിൾ അയച്ചിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. അങ്കണവാടികളിൽ കുട്ടികൾക്ക് നൽകുന്ന ഭക്ഷണം പ്രത്യേകിച്ച് അമൃതം/ന്യൂട്രിമിക്സ് എന്നിവയുടെ 2018-19 വർഷത്തിലെ സാമ്പിൾ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ഗുണനിലവാരം ഉറപ്പുവരുത്താൻ ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും, ഐ.സി.ഡി.എസും കൂടുതൽ ജാഗ്രത പാലിക്കേണ്ടതാണ്.

## 1-37 പെൻഷൻ ആനുകൂല്യം തുക തെറ്റായി അക്കൗണ്ട് ചെയ്തത് ക്രമീകരിക്കേണ്ടതാണ്

നഗരസഭയുടെ വാർഷിക ധനകാര്യപത്രികയിൽ ബാലൻസ് ഷീറ്റിലെ ബി 15 ഷെഡ്യൂളിലെ 431400198 - Other Rents receivable(Current) എന്ന ശീർഷകത്തിൽ 961439 രൂപ നഗരസഭയ്ക്ക് ലഭിക്കുവാനുള്ള തുകയായി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.7) മറുപടിയായി പ്രസ്തുത തുക നഗരസഭയിലെ പെൻഷണറായ ശ്രീ.കെ.എൻ.ശശിധരന് പെൻഷൻ ആനുകൂല്യത്തിനായി നൽകിയതും നഗരസഭയ്ക്ക് ലഭിക്കാനുള്ളതുമായ തുകയാണെന്നും ശീർഷകം മാറി രേഖപ്പെടുത്തിയതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ചുള്ള ഫയൽ (ഫയൽനം.A4-2243/17) പരിശോധിച്ചതിൽ ശ്രീ.കെ.എൻ.ശശിധരന് 10.05.17ൽ പെൻഷൻ ആനുകൂല്യമായി 888641/- രൂപ നൽകിയിട്ടുള്ളതായാണ് കാണുന്നത്. തുകയിലെ വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതും പരിശോധിച്ച് കൃത്യത ഉറപ്പാക്കേണ്ടതുമാണ്.

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം പെൻഷൻ ആനുകൂല്യമായി നൽകിയ 888641/-രൂപ ഫണ്ട് കുറവായതിനാൽ അടിയന്തിരമായി അനുവദിച്ച് നൽകുന്നതിനായി നഗരകാര്യ ഡയറക്ടറോട് നഗരസഭ അപേക്ഷിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ പ്രസ്തുത പെൻഷൻ ഇനത്തിൽ നൽകിയ തുക അനുവദിക്കുവാൻ നിർവ്വാഹമില്ലെന്നും ആയത് നഗരസഭയ്ക്ക് അനുവദിച്ചിട്ടുള്ള ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും നൽകണമെന്നും 30.06.17 ലെ പി8/9865/2016 നമ്പർ കത്തിലൂടെ നഗരകാര്യ ഡയറക്ടർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പെൻഷൻ ആനുകൂല്യമായി നൽകിയ തുക തിരികെ ലഭ്യമാകുമോയെന്ന് ഉറപ്പാക്കേണ്ടതും അല്ലാത്തപക്ഷം തെറ്റായി അക്കൗണ്ട് ചെയ്ത തുക ധനകാര്യപത്രികയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-38 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ -ആയുർവ്വേദം 2018-19 വർഷം നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങൽ പ്രോജക്ടുകളിൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം.പേര് | ചെലവ് | ഫണ്ടിനം | ബിൽ നം. | മരുന്ന് ലഭ്യമായത് (തുക) | ലഭ്യമാക്കുവാനുള്ളത് (തുക) | സ്ഥാപനം |
|---|---|---|---|---|---|---|
| 28/19 പിറവം ഗവ.ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 1000000 | മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 1)58/18-19/30.08.18-500000 2)91/18-19/28.01.19-500000 | 940615 | 59385 | ഔഷധി |
| 31/19 കക്കാട് ആയുർവ്വേദ സബ്സെന്ററിന് മരുന്ന് വാങ്ങൽ | 100000 | മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 112/18-19/7.2.19 | 98015 | 1985 | ഔഷധി |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.3/19.11.19) മരുന്ന് ലഭ്യമാക്കുവാൻ ഔഷധിയോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ കൂടി അടിയന്തിരമായി ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-39 സെക്രട്ടറിയുടെ ശമ്പളവും പെൻഷൻ കോൺട്രിബ്യൂഷനും ഒടുക്കുന്നില്ല

സർക്കാരിൽ നിന്നും ശമ്പളവും മറ്റ് അലവൻസുകളും ലഭിച്ചുകൊണ്ടിരിക്കുന്ന മുനിസിപ്പൽ സെക്രട്ടറിയുടെ പ്രതിമാസ ശമ്പളവും പെൻഷൻ കോൺടിബ്യൂഷനും യഥാക്രമം 0217-60-800-99 , 0071-01-101-99 എന്നീ അക്കൗണ്ട് ഹെഡുകളിൽ നഗരസഭാഫണ്ടിൽ നിന്നും ഒടുക്കേണ്ടതുണ്ട്. ഓഡിറ്റ് വർഷത്തിൽ ഇപ്രകാരം തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/20.11.19) തനത് ഫണ്ടിന്റെ അപര്യാപ്തത മൂലം ഒടുക്ക് വരുത്തിയിട്ടില്ലെന്നും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഘട്ടംഘട്ടമായി ഒടുക്ക് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.തുക ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-40 താലൂക്ക് ആശുപത്രിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 273/19 |
| പേര് | താലൂക്ക് ആശുപത്രിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ |
| **അടങ്കൽ** | 726000/- |
| ചെലവ് | 726000 |
| നിർവ്വഹണോദ്യോഗസ്ഥൻ | സൂപ്രണ്ട് , താലൂക്ക് ആശുപത്രി |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ്,<br>തനത് ഫണ്ട് |
| ബിൽ നം. | 13/18-19/11.01.19 - 626000<br>വൗച്ചർ നം.21801007/19.11.18-<br>100000(തനത് ഫണ്ട്) |

താലൂക്ക് ആശുപത്രിയിൽ വൈദ്യുതി തടസ്സം മൂലമുള്ള അസൗകര്യം ഒഴിവാക്കുന്നതിലേക്ക് ട്രാൻസ്ഫോർമർ സ്ഥാപിക്കുക എന്ന പ്രോജക്ടിനായാണ് കെ.എസ്.ഇ.ബി. പിറവത്തിന് 726000/- രൂപ നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനിയറുടെ 11.10.18 ലെ DB15/2018-19/PVM KSEB Ltd.നമ്പർ കത്ത് പ്രകാരം ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് 726000/- രൂപ അടയ്ക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിൽ 626000/- രൂപ പ്ലാൻ ഫണ്ടിൽ നിന്നും അടയ്ക്കുകയും ബാക്കി 100000/- രൂപ പ്രോജക്ടിന്റെ ഭാഗമാക്കാതെ തനത് ഫണ്ടിൽ നിന്നും നേരിട്ട് അടവാക്കുകയുമാണ് ചെയ്തിട്ടുള്ളത്. കൂടാതെ കെ.എസ്.ഇ.ബി.യ്ക്ക് അഡീഷണൽ പവർ റിക്വയർമെന്റ് ചാർജ്ജിനത്തിൽ 63740/- രൂപ എച്ച്.എം.സി.ഫണ്ടിൽ നിന്നും അടവാക്കിയിട്ടുമുണ്ട്. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്ന പ്രോജക്ടിന്റെ ആകെ ചെലവിൽ 626000/- രൂപ മാത്രമേ പ്രോജക്ടിന്റെ ഭാഗമായി ചെലവഴിച്ചിട്ടുള്ളൂ. ബാക്കി തുക പ്രോജക്ടിന്റെ ഭാഗമാക്കാതെ തനത് ഫണ്ടിൽ നിന്നും എച്ച്.എം.സി.ഫണ്ടിൽ നിന്നും നേരിട്ട് ചെലവഴിച്ച നടപടി ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.40/25.11.19)മറുപടിയായി എച്ച്.എം.സി ഫണ്ടിൽ നിന്നും നൽകിയ തുക അനുവദിച്ച് തരുന്ന മുറയ്ക്ക് തിരികെ അടയ്ക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. പ്രോജക്ടിൽ അധിക തുക ആവശ്യമായി വരുന്ന സാഹചര്യത്തിൽ പ്രോജക്ട് റിവൈസ് ചെയ്യേണ്ടതും മുഴുവൻ തുകയും പ്രോജക്ടിൽ ഉൾപ്പെടുത്തി ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-41 പിറവം മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ -അപാകത

പിറവം മൃഗാശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രൊജക്ട് പ്രകാരം ഒരു ഗുളിക 50 സ്ട്രിപ്പ് വാങ്ങുകയും 10 എണ്ണം മാത്രം സ്റ്റോക്ക് രജിസ്റ്ററിൽ എൻട്രി നടത്തി വിതരണം ചെയ്യുകയും ബാലൻസ് അവശേഷിക്കുന്നില്ലെന്ന് നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയും ചെയ്തു. കൂടുതൽ വിവരങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-42 സ്വാപ്പ് ഷോപ്പ് കീപ്പർ വേതനം-തുക തടസ്സപ്പെടുത്തുന്നു

ഹരിത കേരള മിഷന്റെ തുടർപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി നഗരസഭയിൽ ഓഡിറ്റ് വർഷം സ്വാപ്പ് ഷോപ്പ് സംഘടിപ്പിച്ചിരുന്നു.ഒരു വ്യക്തിക്കോ കുടുംബത്തിനോ ആവശ്യമില്ലാത്ത പുനരുപയോഗക്ഷമമായ വസ്തു/ഉൽപ്പന്നം മറ്റൊരു വ്യക്തിക്കോ കുടുംബത്തിനോ ഉപയോഗപ്രദമാകുകയും അതുവഴി മൂല്യമുള്ള വസ്തുക്കൾ ആവശ്യമുള്ളവരിൽ എത്തിക്കുക എന്ന കാര്യം പൊതുജനപങ്കാളിത്തത്തോടെ നിർവഹിക്കുന്നതിലൂടെ മാലിന്യത്തിന്റെ അളവ് കുറയ്ക്കുക എന്നതുമായിരുന്നു ഈ കാമ്പയിന്റെ ലക്ഷ്യം.

തനത് ഫണ്ടിൽ നിന്നും എല്ലാ മാസവും സ്വാപ്പ് ഷോപ്പ് കീപ്പർ എന്ന തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ(240/-രൂപ പ്രതിദിനം)ജോലി ചെയ്ത വ്യക്തിക്ക് വേതനം നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ജോലി ചെയ്ത മാസം | സ്വാപ്പ് ഷോപ്പ് കീപ്പറുടെ പേര് | നല്കിയ വേതനം | വൗച്ചർ നം., തീയതി |
|---|---|---|---|---|
| 1 | മാർച്ച് /18 | ദീപ.ഇ.കെ | 5520 /- | 21800024, 04.04.18 |
| 2 | ഏപ്രിൽ /18 | ലീല ജോസ് | 5040 /- | 21800166, 04.05.18 |
| 3 | മെയ് /18 | ലീല ജോസ് | 6480 /- | 21800284, 04.06.18 |
| 4 | ജൂൺ /18 | ലീല ജോസ് | 6000 /- | 21800410, 11.07.18 |
| 5 | ജൂലൈ /18 | ലീല ജോസ് | 6480 /- | 21800622, 21.08.18 |
| 6 | ഓഗസ്റ്റ് /18 | ഓമന സുധാകരൻ | 2640 /- | 21800647, 07.09.18 |
| 7 | സെപ്തംബർ/18 | ഓമന സുധാകരൻ | 5760 /- | 21800877, 04.10.18 |
| 8 | ഒക്ടോബർ/18 | ഓമന സുധാകരൻ | 5760 /- | 21800974, 08.11.18 |
| 9 | നവംബർ/18 | ഓമന സുധാകരൻ | 5760 /- | 21801061, 05.12.18 |
| 10 | ഡിസംബർ/18 | ഓമന സുധാകരൻ | 3840 /- | 21801179, 04.01.19 |
| | | ഷൈനി സാബു | 1920 /- | 21801180, 04.01.19 |
| 11 | ജനവരി/19 | ഷൈനി സാബു | 5520 /- | 21801390, 18.02.19 |
| 12 | ഫെബ്രുവരി/19 | ഷൈനി സാബു | 5760 /- | 21801537, 27.03.19 |
| ആകെ ചെലവഴിച്ച തുക | | | 66480 /- | |

സ്വാപ്പ് ഷോപ്പ് കീപ്പർ എന്ന തസ്തികയിൽ നിയമനം നടത്തുന്നതിനും വേതനം നിശ്ചയിക്കുന്നതിനും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ, ടി തസ്തികയിലെ നിയമനം, വേതനം എന്നിവ സംബന്ധിച്ച കമ്മിറ്റി തീരുമാനം ,സർക്കാരിൽ നിന്ന് അനുമതി /അംഗീകാരം വാങ്ങിയതിന്റെ രേഖകൾ, സാധനങ്ങൾ കൈമാറ്റം ചെയ്തതിന്റെയും സ്വാപ്പ് ഷോപ്പിന്റെ പ്രവർത്തനം മോണിട്ടർ ചെയ്തതിന്റെയും വിശദാംശങ്ങൾ, സ്വാപ്പ് ഷോപ്പിന്റെ നിലവിലെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31,22.11.19) ഹാജരാക്കിയ മറുപടിയിൽ കൗൺസിൽ അംഗീകാരത്തോടെയാണ് (കൗൺസിലിന്റെ തീരുമാനത്തിന്റെ നമ്പരോ പകർപ്പോ ലഭ്യമാക്കിയിട്ടില്ല) കുടുംബശ്രീ ഹാജരാക്കിയ ലിസ്റ്റിൽ നിന്നും ആളെ നിയമിച്ചതെന്നും നിലവിൽ ദിവസവേതന ശുചീകരണ തൊഴിലാളികൾ അധികചുമതലയോടെ ടി ജോലി ചെയ്യുകയാണെന്നും ആയതിന് പ്രത്യേകവേതനം നല്കുന്നില്ലെന്നും അറിയിച്ചു. ഓഡിറ്റ് വർഷം ഷോപ്പ് കീപ്പർക്ക് നല്കിയ 66,480/- രൂപ മേൽ പരാമർശങ്ങൾക്ക് സാധൂകരണം ലഭിക്കുന്നതുവരെ തടസ്സപ്പെടുത്തുന്നു.

# 1-43 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പൂർണ്ണമായി നൽകിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | എസ്.0009/19 |
| പ്രോജക്ടിന്റെ പേര് | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം |
| അടങ്കൽ | 500000 (വികസന ഫണ്ട്) |
| ചെലവ് | 500000, ബിൽ നം. 1/18-19/16.1.19 |

സർക്കാർ വിഭാവനം ചെയ്യുന്ന നിരക്കിൽ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി/ധനസഹായം പൂർണ്ണമായ തോതിൽ നൽകാൻ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ടി പ്രോജക്ട് പ്രകാരം മുനിസിപ്പൽ പ്രദേശത്തുള്ള പ്രാഥമിക ക്ഷീരസംഘങ്ങളിൽ പാൽ അളന്നു നല്കുന്ന ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് ആയി 2018 ഏപ്രിൽ മുതൽ ജൂലൈ മാസം വരെയുള്ള 4മാസ കാലയളവ് കണക്കാക്കി പാലിന് ലിറ്ററിന് 3 രൂപ എന്ന കണക്കിൽ സബ്സിഡി നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കിയെങ്കിലും 2.33 രൂപയാണ് സബ്സിഡിയായി നല്കിയിരിക്കുന്നത്. 4 ക്ഷീരസംഘങ്ങളിലെ 343 ക്ഷീര കർഷകർക്ക് ആണ് തുക നല്കിയിട്ടുള്ളത്.

1) കളമ്പൂർക്കാവ് ക്ഷീരസംഘം

2) പിറവം ക്ഷീരസംഘം

3) പാലച്ചുവട്ക്ഷീരസംഘം

4) കക്കാട് ക്ഷീരസംഘം

ഒരു കൊല്ലം ലഭിച്ച പാലിന് ശരാശരി കണക്കാക്കി പരമാവധി 40000/- രൂപ വരെ ഒരു ക്ഷീരകർഷകന് സബ്സിഡി നൽകാമെന്നിരിക്കെ ഇത്രയും കുറഞ്ഞ കാലയളവ് കണക്കാക്കി (4 മാസം മാത്രം)സർക്കാർ നിശ്ചയിച്ചിരിക്കുന്നതിലും കുറവ് തുക സബ്സിഡി നൽകിയതിന്റെ വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നല്കിയതിന് (നം. 45/26.11.19)ലഭ്യമാക്കിയ മറുപടിയിൽ ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലമാണെന്നാണ് അറിയിച്ചിട്ടുള്ളത്. വളരെയധികം പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന ക്ഷീര കർഷകർക്ക് ഒരു കൈത്താങ്ങായി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ടി സബ്സിഡി പൂർണ്ണമായും ഒരു വർഷക്കാലയളവിലേയ്ക്ക് തന്നെ നല്കാനുള്ള ഫണ്ട് വകയിരുത്തൽ നടത്തേണ്ടതാണ്.

# 1-44 ഇ-പെയ്മെന്റ് സംവിധാനം ആരംഭിച്ചില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.05.2011ലെ സ.ഉ.(എം.എസ്)നം.98/2011 ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വരവുകൾ ഐകെഎമ്മിന്റെ ഇ-പെയ്മെന്റ് ഗേറ്റ് വേയിലൂടെ ഇ-പെയ്മെന്റായും, ഇലക്ട്രോണിക് ട്രാൻസ്ഫറായും സ്വീകരിക്കാൻ അനുവാദം നൽകി ഉത്തരവായിട്ടുള്ളതാണ്. വസ്തുനികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കറന്റ് അക്കൗണ്ടിലേക്ക് സഞ്ചയ സോഫ്റ്റ്വെയർ മുഖേന ഐകെഎം ഇ-പെയ്മെന്റ് ഗേറ്റ് വേയിലൂടെ വസ്തുനികുതി സ്വീകരിക്കുന്നതിനുള്ള സൗകര്യമൊരുക്കാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

31.03.2019ൽ നഗരസഭക്ക് വസ്തുനികുതി ഇനത്തിൽ (മുൻവർഷങ്ങളിലെ ഉൾപ്പെടെ) 1153733/- രൂപ കുടിശ്ശികയായി ലഭിക്കാനുണ്ട്. എന്നാൽ, പിറവം നഗരസഭ ഇപ്രകാരം വസ്തുനികുതി ഇ-പെയ്മെന്റായി അടവാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 49/28.11.19) തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ, നഗരസഭക്ക് ലഭിക്കേണ്ട വരവുകൾ കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിനും, നികുതിദായകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പടുത്തുന്നതിനുമുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് ഇ-പെയ്മെന്റ് സംവിധാനം നടപ്പാക്കേണ്ടതാണ്.

## 1-45 വഴിയോരക്കച്ചവട നിയമം- പൂർണ്ണമായും നടപ്പിലാക്കിയില്ല

തെരുവ് കച്ചവടക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തെരുവ് കച്ചവടം ക്രമപ്പെടുത്തുന്നതിനുമായി ദേശീയ വഴിയോര കച്ചവട നിയമം [ The Street Vendors (Protection of Livelihood and Regulation of Street Vending) Act 2014] നിലവിൽ വന്നിട്ടുണ്ട്. ഈ നിയമം നടപ്പിലാക്കേണ്ടത് നഗരസഭകളുടെ ബാദ്ധ്യതയാണ്. പ്രസ്തുത നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി നഗരപ്രദേശത്തുള്ള തെരുവ് കച്ചവടക്കാരുടെ സർവ്വേ നടത്തി അവർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യേണ്ടതും, ഇവരെ തരം തിരിച്ച് വെന്റിങ്ങ് സർട്ടിഫിക്കറ്റുകൾ നൽകേണ്ടതുമാണ്. പ്രസ്തുത നിയമത്തിലെ വകുപ്പ് 22 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ ടൗൺ വെന്റിങ്ങ് കമ്മറ്റി രൂപീകരിച്ച് വിജ്ഞാപനം ചെയ്യണം. 2016 ലെ Kerala Street Vendors (Protection of Livelihood, Regulation of Street Vending) Scheme അനുസരിച്ച് നഗരസഭ പ്രദേശത്തെ Vending zone, Restricted Vending zone, No Vending Zone എന്നിങ്ങനെ തരം തിരിച്ച് വിജ്ഞാപനം ചെയ്യേണ്ടതും കച്ചവടത്തിന്റെ തരം അനുസരിച്ച് വെന്റിങ്ങ് ഫീസ് നിർണ്ണയിച്ച് പ്രസിദ്ധപ്പെടുത്തി ഈടാക്കേണ്ടതുമാണ്.

പ്രസ്തുത പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് നിയമം നടപ്പാക്കിയിട്ടുണ്ടെങ്കിൽ വിശദവിവരം ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/22.11.2019) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പിറവം നഗരസഭയിൽ ദേശീയവഴിയോരക്കച്ചവട നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സർവ്വേനടത്തി 72 വഴിയോരക്കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന തരത്തിൽ ടൗൺ വെന്റിങ്ങ് കമ്മറ്റി രൂപീകരിച്ച് വിജ്ഞാപനം ചെയ്തിട്ടില്ല. മൂന്ന് വെന്റിങ്ങ് സോണുകൾ നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ കണ്ടെത്തി അതിന്റെ നിർമ്മാണത്തിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും എന്നാൽ വെന്റിങ്ങ് ഫീസ് നിശ്ചയിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. തെരുവ് കച്ചവടം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ നിയമം അനുശാസിക്കുന്ന തരത്തിൽ എത്രയും വേഗം പൂർത്തീകരിക്കേണ്ടതാണ്.

## 1-46 സെക്രട്ടറിയുടെ പി സി എ തനത് ഫണ്ടിൽ നിന്നും നൽകുന്നു.

ജി.ഒ(പി)നം.7/2016, ഫിൻ 20.01.16 തീയതിയിലെ ശമ്പളപരിഷ്കരണ ഉത്തരവിലെ അനുബന്ധം XVപ്രകാരം മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III ക്ക് പ്രതിമാസം 500/-രൂപ പെർമനന്റ് കൺവേയൻസ് അലവൻസ് അനുവദിച്ചിട്ടുണ്ട്. ഇത് SPARK ൽ തയ്യാറാക്കപ്പെടുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളുടെയും കൂടെ ലഭിക്കേണ്ട തുകയാണ്. എന്നാൽ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നാണ് മാസം തോറും സെക്രട്ടറിക്ക്

ടി തുക നല്കിക്കൊണ്ടിരിക്കുന്നത്. നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും പ്രത്യേകമായി പി സി എ നല്കുന്നതിനിടയാക്കിയ സാഹചര്യം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12, 20.11.19) ഹാജരാക്കിയ മറുപടിയിൽ 2018-19 വർഷത്തിൽ സെക്രട്ടറിയുടെ പി സി എ സ്പാർക്കിൽ എൻട്രി വരുത്തിയിട്ടില്ലെന്നും എൻട്രി വരുത്തുന്നതിനായി റിപ്പോർട്ട് ചെയ്യുന്നതാണെന്നും അറിയിച്ചു.

# 1-47 സെൻട്രൽ പെൻഷൻ ഫണ്ട്

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡി.സി.ആർ.ജി. ബെനിഫിറ്റ്) ചട്ടങ്ങൾ അനുസരിച്ചാണ് നഗരസഭയിലെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ ബാധകമായ റഗുലർ ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത്. ആയതിലേക്ക് നഗരസഭ ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിന്റെ 15% തുക പെൻഷൻ കോൺട്രിബ്യൂഷനായി സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. പ്രസ്തുത ഫണ്ടിലേക്ക് ഓഡിറ്റ് വർഷത്തിൽ നഗരസഭ അടവാക്കേണ്ടതും അടവാക്കിയതുമായ പെൻഷൻ കോൺട്രിബ്യൂഷൻ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ശമ്പള മാസം | പെൻഷൻ കോൺട്രിബ്യൂഷൻ തുക | ചെക്ക് നമ്പർ |
|---|---:|---|
| 03/2018 | 64484.00 | അടവാക്കിയിട്ടില്ല |
| 04/2018 | 66495.00 | STSB 9638875/28.5.2018 |
| 05/2018 | 68264.00 | 1552112/21.6.2018 |
| 06/2018 | 68839.00 | 138643/19.7.2018 |
| 07/2018 | 68092.00 | 0357977/28.09.2018 |
| 08/2018 | 47835.00 | 0357977/28.09.2018 |
| | 16428.00 | 1787845/20.10.2018 |
| 09/2018 | 70848.00 | 1787845/20.10.2018 |
| 10/2018 | 70960.00 | 1783493/13.11.2018 |
| 11/2018 | 70955.00 | 1744584/15.12.2018 |
| | 2749.00 | 0429342/20.12.2018 |
| 12/2018 | 75871.00 | 0429348/7.01.2019 |
| 01/2019 | 75914.00 | 1747056/20.2.2019 |
| 02/2018 | 76008.00 | 1747060/7.3.2019 |
| **ആകെ** | **843742.00** | |

**<u>ഓഡിറ്റ് പരാമർശങ്ങൾ</u>**

**<u>പെൻഷൻ അംശദാനം പൂർണ്ണമായും അടവാക്കിയിട്ടില്ല</u> :** ജീവനക്കാരുടെ പെൻഷൻ അംശദാനം സെൻട്രൽ പെൻഷൻ ഫണ്ട് അക്കൗണ്ടിലേക്ക് (TPA 7010200000064) എല്ലാമാസവും 15-ം തീയതിക്ക് മുമ്പ് അടവാക്കേണ്ടതാണ്. മാർച്ച് മാസത്തെ തുക 64484/- രൂപ ഒഴികെ ബാക്കിതുക അടവാക്കിയിട്ടുണ്ട്.

**<u>പെൻഷൻ വിതരണത്തിന് പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടില്ല</u>:** പെൻഷൻ വിതരണത്തിനാവശ്യമായ തുക നഗരസഭ ആവശ്യപ്പെടുന്ന മുറയ്ക്ക് നഗരകാര്യഡയറക്ടർ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും അനുവദിക്കുന്ന തുക മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ പ്രത്യേക സേവിങ്ങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിച്ച് അതിൽ നിക്ഷേപിക്കേണ്ടതാണ്. പിറവം നഗരസഭയിൽ ഇത്തരത്തിൽ അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

**<u>പെൻഷൻ വിതരണത്തിന് ഫണ്ട് ലഭിക്കുന്നില്ല</u>:** പെൻഷൻ കോൺട്രിബ്യൂഷൻ തുക സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കുന്നുണ്ടെങ്കിലും നിലവിൽ നഗരസഭയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്ന ശ്രീ.കെ.എൻ.ശശിധരൻ, റിട്ടയേർഡ് ഡ്രൈവർ (പി.പി.ഒ.നം.7397), എന്ന പെൻഷണർക്ക് (01.03.2016മുതൽ) പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നാളിതുവരെ തുകയൊന്നും ലഭിച്ചിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി നഗരസഭ തുക ആവശ്യപ്പെട്ടതായും കാണുന്നില്ല. അർഹതപ്പെട്ട തുക പെൻഷൻ വിതരണത്തിന് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭ്യമാക്കാതെ തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നത് നഗരസഭയുടെ സാമ്പത്തിക താൽപര്യങ്ങൾക്ക് ആശാസ്യമല്ല.

## 1-48 വെള്ളക്കരം – ഭീമമായ കുടിശിക വരുത്തി

കേരള വാട്ടർ അതോറിറ്റിയുടെ 12.03.19 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 2019 മാർച്ച് മാസത്തിൽ നഗരസഭ അടയ്ക്കുവാനുള്ള വെള്ളക്കരം കുടിശിക 1,75,89,179/-*രൂപയാണ്.* കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 40(c)(1), 40(c)(3) എന്നിവ പ്രകാരം ഒഴിച്ചുകൂടാനാവാത്ത തുകകൾ ചെലവ് ചെയ്യാതിരിക്കുകയോ ചെലവ് നീട്ടിവയ്ക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്. ഓഡിറ്റ് വർഷം നഗരസഭയ്ക്ക് ലഭിക്കേണ്ട വികസന ഫണ്ടിൽ നിന്ന് 425293/-രൂപ ജലഅതോറിറ്റിക്ക് നൽകേണ്ട കുടിശിക തുകയിനത്തിൽ ഉത്തരവത്തിൽ കുറവ് ചെയിട്ടുണ്ട്. ഈ ചെലവ് പ്രോജക്ട് നമ്പർ എസ്.0294/19 ആയി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. പ്രസ്തുത തുകയുടെ രസീതും പരിഷ്കരിച്ച വെള്ളക്കര ഡിമാന്റ് നോട്ടീസും ലഭ്യമാക്കുന്നതിന് നഗരസഭ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും വ്യവസ്ഥകൾക്ക് വിരുദ്ധമായി അനിവാര്യ ചെലവായ വെള്ളക്കരം യഥാസമയം ഒടുക്കാതെ ഭീമമായ കുടിശിക വരുത്തിയതിന് വിശദീകരണവും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.46,27.11.19) മറുപടി ലഭ്യമാക്കിയില്ല. ഗ്രാന്റിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക നഷ്ടപ്പെട്ടത് നഗരസഭയുടെ പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും. ആയതിനാൽ കുടിശ്ശികയിൽ ഇളവ് ലഭിക്കുന്നതിന് സർക്കാരിന് അപേക്ഷ നൽകേണ്ടതും ആവശ്യമില്ലാത്ത പൊതുടാപ്പുകൾ ഒഴിവാക്കി നൽകുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതുമാണ്.

# <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### <u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

## 2-1 വീട് വാടക റിക്കവറി ഈടാക്കിയില്ല

2018 ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ സെക്രട്ടറിയുടെ വീടിന്റെ വാടകയിനത്തിൽ തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നം. | വാടക ബാധകമായ മാസം | നല്കിയ തുക | വൗച്ചർ നം., തീയതി |
|---|---|---|---|
| 1 | മാർച്ച് | 5000/- | 21800028,12.04.18 |
| 2 | ഏപ്രിൽ | 4500/- | 21800155, 04.05.18 |
| 3 | മെയ് | 4500/- | 21800294,06.06.18 |
| 4 | ജ്യൂൺ | 4500/- | 21800401,02.07.18 |

സ.ഉ.(അച്ചടി) 07/2016/ധന/ 20.1.2016 -ാം നമ്പർ ഉത്തരവിലെ ഖണ്ഡിക 15 പ്രകാരം 35700-75600 ഉം അതിൽ കൂടുതലും ശമ്പള നിരക്ക് ബാധകമായിട്ടുള്ള, സൗജന്യമായി ലഭിക്കുന്ന ക്വാർട്ടേഴ്സിൽ താമസിക്കുന്ന ജീവനക്കാർ അടിസ്ഥാന ശമ്പളത്തിന്റെ 2% തുക വാടകയായി അടവാക്കേണ്ടതുണ്ട്. കൂടാതെ ക്വാർട്ടേഴ്സ് ലഭ്യമായിട്ടുള്ള ജീവനക്കാർക്ക് ശമ്പളത്തോടൊപ്പം വീട്ടുവാടക ബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതല്ല.

മുകളിൽ ചേർത്ത മാസങ്ങളിൽ സെക്രട്ടറി വീട്ട് വാടക ബത്തയിനത്തിൽ പ്രതിമാസം 1500/-രൂപ വീതം കൈപ്പറ്റിയിട്ടുണ്ട്. ഈ തുക തിരികെ ഈടാക്കിയിട്ടില്ല. മാത്രമല്ല 39500 – 83000 ശമ്പളനിരക്കിൽ 39,500/-രൂപ അടിസ്ഥാന ശമ്പളത്തിൽ ജോലി ചെയ്തിരുന്ന സെക്രട്ടറിയിൽ നിന്ന് വീട്ട് വാടക റിക്കവറിയിനത്തിലും തുക ഈടാക്കിയിട്ടില്ല.

9160/- രൂപ [(4x1500)+(4x0.02 x 39500)] ഈ കാലയളവിൽ സെക്രട്ടറിയിൽ നിന്നീടാക്കേണ്ടിയിരുന്നു. ഈ തുക സെക്രട്ടറിയിൽ നിന്നീടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 2-2 ക്രമവത്കരണ ഫീസ് ഈടാക്കിയില്ല

ബിനോയ് തോമസ്, മത്തിപ്പറമ്പിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 752/14 സർവെ നമ്പറിലുള്ള 3970 ച.മീ. സ്ഥലത്ത് അനധികൃതമായി നിർമ്മാണം പൂർത്തിയാക്കിയ 1782.67 ച.മീ. വിസ്തൃതിയുള്ള സിനിമാ തീയറ്റർ കെട്ടിടം ക്രമവത്കരിച്ച് VIII/208, VIII/209, VIII/210, VIII/211, VIII/212, VIII/213 നമ്പറുകൾ നൽകി 2018-19 ഒന്നാം അർദ്ധവർഷത്തിൽ 20.04.18ലെ കംപ്ലീഷൻ പ്ലാൻ പ്രകാരം വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ, ടി അനധികൃത നിർമ്മാണം ക്രമവത്കരിച്ചതിന് രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടില്ല.

അനധികൃത നിർമ്മാണം ക്രമവത്കരിക്കുന്നതിനുള്ള രാജിയാക്കൽ ഫീസ് പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ്. (കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 146(4). ഇപ്രകാരം മേൽ സൂചിപ്പിച്ച അനധികൃത നിർമ്മാണം ക്രമവത്കരിച്ചതിന് ഈടാക്കേണ്ടിയിരുന്ന രാജിയാക്കൽ ഫീസിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിടത്തിന്റെ വിസ്തൃതി | 1782.67 ച.മീ. |
| പെർമിറ്റ് ഫീസ് | 10 രു./ച.മീ. |
| ഈടാക്കേണ്ടിയിരുന്ന രാജിയാക്കൽ ഫീസ് | [1782.67x10]x2= 35653 |

മേൽ അപാകതയിൽ വിശദീകരണം അവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 34/25.11.19) മറുപടി ലഭിച്ചില്ല. ആയതിനാൽ, ക്രമവത്കരണ ഫീസിനത്തിൽ കുറവ് വന്ന 35653/- രൂപ ബന്ധപ്പെട്ട കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 ദർശന തീയറ്റർ - വസ്തുനികുതി നിർണ്ണയത്തിലെ അപാകത

ബിനോയ് തോമസ്, മഠത്തിപ്പറമ്പിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 752/14 സർവെ നമ്പർ സ്ഥലത്ത് നിർമ്മാണം പൂർത്തിയാക്കിയ 1782.67 ച.മീ. വിസ്തൃതിയുള്ള ദർശന തീയറ്റർ എന്ന സിനിമാ തീയറ്റർ/വാണിജ്യ/ഓഫീസ് കെട്ടിടത്തിന് VIII/208, VIII/209, VIII/210, VIII/211, VIII/212, VIII/213 നമ്പറുകൾ നൽകി 2018-19 ഒന്നാം അർദ്ധവർഷത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ട്.

20.04.18ലെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ പുതിയ കെട്ടിടത്തിന് കെട്ടിട നമ്പർ നൽകുന്നതിനാണ് അപേക്ഷ നൽകിയത് എന്നാൽ ടി കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയം നടത്തിയപ്പോൾ 25 മുതൽ 50 വർഷം വരെ കാലപ്പഴക്കമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ നൽകുന്ന 20% ഇളവ് അനുവദിച്ചു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| കെട്ടിട നം. | VIII/208 | | |
| ഉപയോഗക്രമം, അടിസ്ഥാന വസ്തുനികുതി/ച.മീ. | സിനിമ തീയറ്റർ, 50 രൂ./ച.മീ | | |
| വിസ്തൃതി | 371.82 ച.മീ. | | |
| ഫോറം 6 പ്രകാരം ഡിമാന്റ് ചെയ്ത വസ്തുനികുതി -: | | | |
| | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
| അടിസ്ഥാന വസ്തുനികുതി | 18591 | 18591 | 0 |
| ഇളവുകൾ (കാലപ്പഴക്കം 20%) | 0 | 3718 | 3718 |
| വർദ്ധനവുകൾ (ആകെ 45%) | 8365.95 | 8365.95 | 0 |
| വസ്തുനികുതി | 26957 | 23239 | 3718 |
| ലൈബ്രറി സെസ് | 1348 | 1162 | 186 |
| സർവീസ് ചാർജ് | 2696 | 2324 | 372 |
| ആകെ | 31001 | 26725 | 4276 |

മേൽ സൂചിപ്പിച്ച പുതിയ കെട്ടിടത്തിന് കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ ഇളവ് നൽകിയതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 35/25.11.19) 'ടി കെട്ടിടത്തിന് VI/166 നം. കെട്ടിടം നിലവിലുണ്ടായിരുന്നതിനാലാണ് 20% ഇളവ് അനുവദിച്ചത് എന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ, കംപ്ലീഷൻ പ്ലാൻ പ്രകാരം പൂർണ്ണമായും പുതിയതായി നിർമ്മിച്ച കെട്ടിടം ക്രമവത്കരിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിരുന്നത് അയതിനാൽ, മേൽ സൂചിപ്പിച്ച കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിച്ച് കുറവ് വന്ന 4276/- രൂപ ബന്ധപ്പെട്ട നികുതിദായകരിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ്

# <u>നിരീക്ഷണങ്ങൾ</u>

## [<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]

## 3-1 പിറവം മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ -അപാകത

| | |
|---|---|
| പ്രൊജക്ടിന്റെ നം.,പേര് | എസ് 0066/19, പിറവം മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 50,000/- (മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്) |
| ചെലവ് | 50,000/- ബിൽ നം. 1/18-19 , 07.12.18 |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററനറി സർജൻ, പിറവം |

പിറവം മൃഗാശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി വെറ്ററിനറി സർജൻ നടപ്പാക്കിയതാണ് ഈ പ്രൊജക്ട്. ഇതിനായി ക്വട്ടേഷൻ വിളിക്കുകയും ഏറ്റവും കുറഞ്ഞ നിരക്കുകൾക്ക് നല്കുവാൻ സമ്മതിച്ച AVECIA INDIA INC., VISHU MEDICAL AGENCIES എന്നീ സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ വാങ്ങുകയും ചെയ്തു.
മരടിലെ AVECIA INDIA INC. എന്ന സ്ഥാപനത്തിൽ നിന്നും AVOCLOZ-L 1.5 gm BOL എന്ന ഗുളിക (Batch No.ACV 180905, Exp 8/20, Price 67.86/-, 50 എണ്ണത്തിന് 3393/-, GST ഉൾപ്പെടെ 3800.16) 4 എണ്ണം വീതമുള്ള 50 സ്ട്രിപ്പ് വാങ്ങിയതായി ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ഇൻവോയ്സ് നം. AV 248 /16.10.18, 33741/-). ലഭിച്ച മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിന്റെ അതത് പേജുകളിൽ സ്റ്റോക്ക് എൻട്രി നടത്തിയതായി നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 16.10.18 ന് മുകളിൽ പറഞ്ഞ സ്ഥാപനത്തിൽ നിന്ന് 10 സ്ട്രിപ്പ് ലഭിച്ചതായും 27.11.18 ന് ഇവ വിതരണം ചെയ്ത് തുടർന്ന് ബാലൻസില്ലെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തീയതിക്ക് ശേഷം മരുന്ന് ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ ആ പേജിലോ (പേജ് നം.36) മറ്റ് പേജുകളിലോ ഇല്ല. 50 സ്ട്രിപ്പ് മരുന്ന് വാങ്ങി 10 എണ്ണം മാത്രം സ്റ്റോക്ക് രജിസ്റ്ററിൽ എൻട്രി നടത്തി വിതരണം ചെയ്തതിന് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.6 / 19.11.19) ഹാജരാക്കിയ മറുപടിയിൽ ക്ലറിക്കൽ പിഴവ് മൂലമാണ് അങ്ങനെ സംഭവിച്ചതെന്നാണ് പറഞ്ഞിരിക്കുന്നത്. കരാറുകാരൻ ലഭ്യമാക്കുന്ന സാധനങ്ങൾ സപ്ലൈ ഓർഡറുമായി ഒത്തുനോക്കി മുഴുവൻ അളവിലും ഗുണമേന്മയുള്ളതുമായ സാധനങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത് എന്ന് ഉറപ്പുവരുത്തി സ്റ്റോക്കിൽ രേഖപ്പെടുത്തി വിതരണം ചെയ്യണമെന്നിരിക്കെ നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. സ്റ്റോക്ക് എൻട്രി വരുത്തുമ്പോൾ ക്ലെറിക്കൽ പിഴവ് സംഭവിച്ചാലും വിതരണം ചെയ്യുമ്പോൾ ആയത് കാണേണ്ടതായിരുന്നു. ആയതിനാൽ 40 സ്ട്രിപ്പുകളുടെ വിലയായ 3040/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നീടാക്കേണ്ടതാണ്.

## 3-2 സാന്ത്വനപരിചരണം - ബന്ധുസംഗമം- അധികചെലവ്

| | |
|---|---|
| പ്രോജക്ട് നം. | 99/19 |
| പേര് | സാന്ത്വന പരിചരണം |
| ആകെ ചെലവ് | 600000 |
| നിർവ്വഹണോദ്യോഗസ്ഥൻ | സൂപ്രണ്ട്, താലൂക്ക് ആശുപത്രി |
| ഫണ്ടിനം | വികസനഫണ്ട്(പൊതുവിഭാഗം) |

സാന്ത്വന പരിചരണം പ്രോജക്ടിന്റെ ഭാഗമായി രോഗീ ബന്ധു സംഗമം പരിപാടി നടത്തുന്നതിലേക്ക് ആകെ 33175രൂപ (ബിൽനം.24/18-19/23.03.19)ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് നം. 3217/2015/ ത.സ്വ.ഭ.വ. തിയതി 29.10.2015 പ്രകാരമുള്ള പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം രോഗികളുടേയും കുടുംബങ്ങളുടേയും വാർഷിക സംഗമം വിളിച്ച് ചേർക്കാവുന്നതാണെന്നും നടത്തപ്പെടുന്ന പരിപാടികൾക്ക് ഭക്ഷണ ചെലവിലേക്കായി ആൾ ഒന്നിന് പരമാവധി 60/- രൂപ വീതവും സംഗമത്തിന്റെ മറ്റ് ചെലവുകൾക്കായി പരമാവധി 3000/- രൂപയും ചെലവഴിക്കാവുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. കൂടുതൽ തുക വേണ്ടി വരുകയാണങ്കിൽ ആയത് സ്പോൺസർഷിപ്പിലൂടെ കണ്ടെത്തേണ്ടതാണെന്നും നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ 30.01.2019 ൽ നടത്തിയ രോഗീ ബന്ധു സംഗമത്തിൽ 150 പേർക്ക് 60 രൂപ വെച്ച് 9000/- രൂപയ്ക്ക് പുറമേ വിവിധ ആവശ്യങ്ങൾക്കായി 24175 രൂപ (പന്തൽ, കസേര, ബാനർ, ഗാനമേള തുടങ്ങിയവ)പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. മാർഗ്ഗരേഖ പ്രകാരം മറ്റ് ചെലവുകൾക്കായി പരമാവധി 3000/- രൂപ മാത്രം ചെലവഴിക്കാവുന്ന സാഹചര്യത്തിൽ 24175/- രൂപ ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.41) രോഗീ ബന്ധുസംഗമത്തിൽ വിവിധ ആവശ്യങ്ങൾക്കായി 3000/- രൂപ മാത്രമേ വിനിയോഗിക്കുവാൻ പാടുള്ളൂ എന്ന് അറിയില്ലായിരുന്നു എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ മാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ച് ചെലവഴിച്ച 21175/- രൂപ (24175-3000) ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22.07.2019 – 23.07.2019 | കെ.എസ്.എ- ഇ.കെ.എം.(പി.ജി) 1367(5) /2019/ 21.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | ചെക്ക് നം. | തുക | | തുക |
|---|---|---|---|---|---|
| ജല അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ (എസ്.0084/19) | 62/18-19 / 17.1.19 | 321000/- | 0 | 321000/- |
| | | 63 /18-19 / 17.1.19 | 60000/- | 0 | 60000/- |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ 11240000/- രൂപ വരവുണ്ട്. നിലവിലുള്ള വായ്പ തിരിച്ചടവിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി | സ.ഉ.(സാധാ)1890/08/ ത.സ്വ.ഭ.വ./ 3.7.08 | 21919000 | 1940502 | 1257044 | 168879 | 683458 |
| കോഓപ്പറേറ്റീവ് ബാങ്ക്, ഇ.എം.എസ്.ഭവനനിർമ്മാണ പദ്ധതി | 1.480/2010/11.2.2010 2.56637/ഡി.ബി.1/ 2013/ ത.സ്വ.ഭ.വ./ 13.9.2013 | 19107500 | 5349415 | 2010750 | - | 3338665 |
| പി.എം.എ.വൈ. ഹഡ്കോ | സ.ഉ.(കൈ) 2278/ ത.സ്വ.ഭ.വ. / 18.8.2018 | 11240000 | 0 | 0 | 0 | 11240000 |

# 4-6 സ്ഥിര നിക്ഷേപം

നഗരസഭയ്ക്ക് സ്ഥിരനിക്ഷേപങ്ങൾ ഒന്നുമില്ല.

# 4-7 ഓഡിറ്റ് റിക്കവറി

ബാലൻസ് ഷീറ്റിലെ ബി.9 ഷെഡ്യൂളിൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ 350200125 എന്ന ഋണശീർഷകത്തിൽ 23206/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 22577/- രൂപ മുന്നിരുപ്പും 629/- രൂപ തൻവർഷ വരവുമാണ്. ബന്ധപ്പെട്ട ഖണ്ഡികകൾ ഒഴിവാക്കി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഈ തുക ക്രമീകരിക്കുകയുള്ളൂ എന്നാണ് വിശദീകരിക്കപ്പെട്ടിട്ടുള്ളത്.

ഈയിനത്തിൽ തൻവർഷം ലഭിച്ച 629/- രൂപയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 & 2013-14 | 3-2 | 629/- | സാബു.കെ.ജേക്കബ്. ചെയർമാൻ, പിറവം നഗരസഭ | 118010100066 / 4.4.2018 |

| | | |
|---|---|---|
| ആകെ | 629/- | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത റിപ്പോർട്ട് | | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| വർഷം | ഖണ്ഡിക | വർഷം | ഖണ്ഡിക | | |
| 1997-1998<br>2000-01<br>പദ്ധതി വിഹിതം ഓഡിറ്റ് റിപ്പോർട്ട് | 2-5<br>2-13<br>2-15 | 2005-06 | 2.45.1 | പദ്ധതി നടത്തിപ്പിൽ 1997-98 2000-2001 (ഓഡിറ്റ് റിപ്പോർട്ട്) വിവിധ അപാകതകൾ | നില നിൽക്കുന്നു |
| | 2-6 | 2005-06 | 2.45.2 | സിഎഫ് വിളക്കിന് സ്ഥാപനച്ചെലവ് | നില നിൽക്കുന്നു |
| 1997-98<br>2000-2001<br>(ഓഡിറ്റ് റിപ്പോർട്ട്) | 2-10 | 2005-06 | 2.45.3 | ഇടയാറ-വല്ലകതോട് റോഡ് റീമെറ്റലിംഗ് ടാറിംഗ് അധിക നിരക്ക് നൽകിയത് | നില നിൽക്കുന്നു |
| | 2-12 | 2005-06 | 2.45.4 | പള്ളിപ്പറമ്പ്-കീഴപടി റോഡ് അഭിവൃദ്ധി വേലമൂല്യം അധികരിച്ച് തുക നൽകി | നില നിൽക്കുന്നു |
| | 2-14 | 2005-06 | 2.45.5 | സി എഫ് വിളക്കിന് ഉയർന്ന ക്വട്ടേഷൻ അംഗീകരിച്ചു. | നില നിൽക്കുന്നു |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 12,45,16,849.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,85,37,207.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 131777.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 24215.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 666164.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 9160/- | - | ശ്രീ.നവാസ്.എ, സെക്രട്ടറി |
| 2-2 | 35653/- | - | ശ്രീ.നവാസ്.എ, സെക്രട്ടറി |
| 2-3 | 4276/- | - | ശ്രീ.നവാസ്.എ, സെക്രട്ടറി |
| 3-1 | - | 3040/- | ഡോ.ഗോപകുമാർ.എ, സീനിയർ വെറ്ററിനറി സർജൻ, പിറവം |
| 3-2 | - | 21175/- | ഡോ.സുനിൽ ജെ ഇളന്താട്ട്, സൂപ്രണ്ട്, പിറവം താലൂക്ക് ആശുപത്രി. |
| ആകെ | 49089/- | 24215/- | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 218684/- | ശ്രീ.അനിൽകുമാർ.ബി, സെക്രട്ടറി |
| 1-34 | 381000/- | ശ്രീ.അനിൽകുമാർ.ബി, സെക്രട്ടറി |
| 1-42 | 66480/- | ശ്രീ.നവാസ്.എ, സെക്രട്ടറി<br>ശ്രീ.അനിൽകുമാർ.ബി, സെക്രട്ടറി |
| ആകെ | 666164/- | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക | | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|---|
| | IT | KCWWF | GST | VAT | |
| 1-23 | 19600/- | - | - | - | 5000/- ശ്രീ.നവാസ്.എ, സെക്രട്ടറി<br>14600/- ശ്രീ.അനിൽകുമാർ.ബി, സെക്രട്ടറി |
| 1-24 | 14340/- | 14340/- | 20450/- | - | ശ്രീ.ടോമി.ടി.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-27 | 2326/- | 2326/- | - | 9306/- | ശ്രീ.ടോമി.ടി.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | **36266/-** | **16666/-** | **20450/-** | **9306/-** | |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.നവാസ്.എ,<br>സെക്രട്ടറി | സെക്രട്ടറി,<br>പാലാ<br>മുനിസിപ്പാലിറ്റി | പുതുവാൽവിള, ഇലവന്തി,<br>തിരുവനന്തപുരം |
| ശ്രീ.അനിൽകുമാർ.ബി,<br>സെക്രട്ടറി | സെക്രട്ടറി,<br>കളമശ്ശേരി<br>മുനിസിപ്പാലിറ്റി | ലക്ഷ്മി ഗോപാലം,<br>നടുവാത്തുശ്ശേരി, ചവറ,<br>കൊല്ലം |
| ശ്രീ.ടോമി.ടി.പി,<br>അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | തുണ്ടിയമ്പറമ്പിൽ,<br>പാലച്ചുവട്, പിറവം |
| ഡോ.ഗോപകുമാർ.എ,<br>സീനിയർ വെറ്ററിനറി സർജൻ,<br>പിറവം | സീനിയർ<br>വെറ്ററിനറി സർജൻ,<br>പിറവം | ജയസദനം, പെരിയപ്പുറം,<br>686667 |
| ഡോ.സുനിൽ ജെ ഇളന്താട്ട്,<br>സൂപ്രണ്ട് പിറവം താലൂക്ക്<br>ആശുപത്രി. | സൂപ്രണ്ട്<br>പിറവം താലൂക്ക്<br>ആശുപത്രി. | ഇളന്താട്ട്, പുത്തൻകാവ്<br>റോഡ്, കാലടി |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97<br>ചെലവ് | എൽ.എഫ്.ഇ.(പി.2)1523/97/27.8.2000 |
| 1997-98<br>പദ്ധതി | എൽ.എഫ്.ഇ.(പി.2)98/05/24.11.2005 |
| 2001-02 | എൽ.എഫ്.ഇ.(പി.2)1206/03/5.8.2004 |
| 2002-03 | എൽ.എഫ്.ഇ.(പി.2)226/06/3.2.2007 |
| 2007-08 | എൽ.എഫ്.ഇ.(പി.1)1662/08/2.7.2009 |
| 2005-06 | എൽ.എഫ്.ഇ.(പി.1)285/10/10.3.2011 |
| 2006-07 | എൽ.എഫ്.ഇ.(പി.1)286/10/10.3.2011 |
| 2008-09 | എൽ.എഫ്.ഇ.(പി.1)287/10/10.3.2011 |
| 2009-10 | എൽ.എഫ്.ഇ.(പി.9)1839/10/10.3.2011 |
| 2010-11 | എൽ.എഫ്.ഇ.(പി.9)2136/11/1.12.2011 |
| 2011-12 | എൽ.എഫ്.ഇ.(പി.9)2252/13/28.12.2013 |
| 2012-13 | എൽ.എഫ്.ഇ (പി9)172/2015 ,02.03.2015 |
| 2013-14 | |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി9)1191/2016-20/07/2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(എം.1)55/2017<br>06.02.2017/15.02.2017 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(എം.1)1777/17,തീയതി05.05.2018 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം(എം.1)9/19,തീയതി 15.03.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

**ജോയിന്റ് ഡയറക്ടർ**

# അനുബന്ധം.1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 295(4), ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും എറണാകുളം ജില്ലയിലെ **പിറവം** നഗരസഭയുടെ 31.03.2019ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **പിറവം** നഗരസഭയുടെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ജോയിന്റ് ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം**

## ന്യൂനതകളുടെ സംഗ്രഹം

1. ക്യാഷ് ബുക്ക്, ഡേ ബുക്ക് എന്നിവയുടെ ദൈനംദിന റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2. വസ്തുനികുതി സംബന്ധിച്ച വാർഷിക പദ്ധതിയിലെ കണക്കുകൾ സഞ്ചയപ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

3. 2018-19 വർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4. ബാലൻസ് ഷീറ്റിലെ ബ-12 ഷെഡ്യൂൾ പ്രകാരമുള്ള ഇൻവെസ്റ്റ്മെന്റ്, ഇക്വിറ്റി ഷെയർ എന്ന ഹെഡിലുള്ള 21000 രൂപയുടെ ഷെയറുകൾ 3000 രൂപയുടെ ഫിക്സഡ് ഡെപ്പോസിറ്റ് എന്നിവയുടെ സർട്ടിഫിക്കറ്റുകൾ ഭൗതികപരിശോധനയ്ക്ക് ഹാജരാക്കിയില്ല.

5. വിവിധ വരവിനങ്ങളുടെ ഡി.സി.ബി. വിവരങ്ങൾ ചേർത്ത് രജിസ്റ്ററുകൾ ഹാജരാക്കാത്തതിനാൽ ധനകാര്യപത്രികയിൽ ചേർത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല.

6. സ.ഉ.(കൈ) 152/2011/ത.സ്വ.ഭ.വ/ 26.7.2011 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തിരജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷികകണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ

രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിങ്ങ് പൂർത്തിയാക്കാത്തതിനാൽ നഗരസഭാഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

ജോയിന്റ് ഡയറക്ടർ

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **Piravom Municipality** for the year ended on 31.03.2019 in Ernakulam District in accordance with Section '4' of the Kerala Local Fund Audit Act 1994 , Section 295(4) of the Kerala Municipality Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the Certification of accounts of Panchayat Raj/ Nagarapalika Institutions.

In my opinion the Financial Statement of **Piravom Municipality** for the year 2018-19, subject to the observationsin the Annexure, properly presents the picture of income, expenditure and closing balance.

JOINT DIRECTOR
KERALA STATE AUDIT DEPARTMENT
DISTRICT AUDIT OFFICE, ERNAKULAM

## Abstrct of Defects / Discripancies.

1. Cash Book and Day Books maintained are not certified by the Secretary.

2. The Account of Property Tax in AFS differs with the SANCHAYA Account.

3. Details of Assets created during the year 2018-19 are not entered in the asset register.

4. Certificates of Investments and Equity shares worth Rs.21000/- and fixed deposit of Rs.3000/- are not produced for physical verification.

5. Accuracy of the receipts items cannot be verified as the register containing DCB details are not produced for verification.

6. Assets including Land have not been completely entered in the Asset Register and reconciled with the AFS. The Sanchitra Software that records assets has not been linked with Sankhya software. Since the accounting of assets is not complete, it is not possible to ensure the accuracy of the Municipal Fund.

JOINT DIRECTOR